മി. സ്പീക്കർ: ഓർഡർ……… ഓർഡർ…… ചോദ്യം നമ്പർ (*181)

**മൾട്ടി സ്റ്റേറ്റ് സഹകരണ നിയമ ഭേദഗതിയും സംസ്ഥാനത്തിന്റെ പ്രതിരോധ നടപടികളും**

1 (*181) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട ഭരണഘടനാ ബഞ്ചിന്റെ സുപ്രധാന വിധിയിൽ സഹകരണ മേഖല സംസ്ഥാന വിഷയമാണെന്ന് അസന്നിഗ്ദ്ധമായി ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ സഹകരണ മേഖല സംസ്ഥാന വിഷയമാണെന്ന വിധി മറികടക്കാനാണ് മൾട്ടി സ്റ്റേറ്റ് സഹകരണ നിയമ ഭേദഗതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ടുവരുന്നതെന്ന് കരുതുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഭേദഗതിയിലൂടെ ഫെഡറൽ സംവിധാനത്തെ മറികടക്കാനും ഭരണഘടനാപ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം കവർന്നെടുക്കാനുമുള്ള ശ്രമമാണ് കേന്ദ്രം നടത്തുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സഹകരണ മേഖലയുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന പ്രസ്തുത നീക്കങ്ങൾക്കെതിരെ സംസ്ഥാനം സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഇതിനെതിരെ മറ്റ് സംസ്ഥാനങ്ങളുടെ പിന്തുണയോടെ യോജിച്ച പ്രതിരോധം തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ,

(എ) ഉണ്ട്. 2012-ലെ 97-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഒൻപത് ബി (IXB) എന്ന ഒരു വ്യവസ്ഥ ഭരണഘടനയിൽ ഉൾപ്പെടുത്തുകയുണ്ടായി. ആർട്ടിക്കിൾ 243 ZH മുതൽ 243 ZT വരെയുള്ള വ്യവസ്ഥകൾ സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി പ്രസ്തുത ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ബഹു. സുപ്രീംകോടതി ഈ വിഷയം പരിശോധിക്കുകയും 20-07-2021-ലെ വിധിയിലൂടെ 97-ാം ഭരണഘടനാ ഭേദഗതിയിലെ ടി വ്യവസ്ഥകൾ റദ്ദാക്കുകയും ചെയ്തു. ഭരണഘടനയുടെ 7-ാം ഷെഡ്യൂളിലെ സ്റ്റേറ്റ് ലിസ്റ്റിൽ (ലിസ്റ്റ്-II) 32-ാം എൻട്രിയായി

ഉൾപ്പെടുത്തിയിട്ടുള്ള ‘ സഹകരണം’ എന്ന വിഷയത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിനാകുന്നു. സംസ്ഥാന വിഷയമായ “ സഹകരണം” സംബന്ധിച്ച് ഭേദഗതി വരുത്തുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 368(2) പ്രകാരം ഭൂരിപക്ഷം സംസ്ഥാനങ്ങളുടെയും അംഗീകാരം ആവശ്യമാണെന്നും ആയതിനാൽ ഭരണഘടനാ വ്യവസ്ഥകൾക്ക് വിരുദ്ധമായി അംഗീകരിച്ച 97-ാം ഭരണഘടനാ ഭേദഗതി ബഹു. സുപ്രീംകോടതി റദ്ദാക്കുകയുണ്ടായി. എന്നാൽ IX B-യിൽ ഭരണഘടനാ ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ വ്യവസ്ഥകൾ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് ബാധകമാണെന്ന് കോടതി ഉത്തരവായിരുന്നു.

(ബി&സി) സഹകരണം ഒരു സംസ്ഥാന വിഷയമാണെന്ന് ബഹു. സുപ്രീംകോടതി നിരീക്ഷിച്ച സാഹചര്യത്തിൽ കേന്ദ്ര നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തി സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് വെല്ലുവിളി ഉയർത്തുന്നതിനാണ് പുതിയ നിയമഭേദഗതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സംഘങ്ങളെ നിലവിൽ

പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിൽ ലയിപ്പിക്കുന്നതിന് പുതിയ നിയമഭേദഗതി വ്യവസ്ഥ ചെയ്യുന്നു. കൂടാതെ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു സംഘത്തിനെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘമാക്കി മാറ്റുന്നതിനുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്തിട്ടുണ്ട്. Multi State Co-operative Societies (Amendment) നിയമത്തിലെ ആറാം ഖണ്ഡികപ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation or Transfer of assets and liabilities, or division of multi-state co-operative societies എന്നതിൽ ഉപവകുപ്പ് (10) കൂട്ടിച്ചേർത്തുകൊണ്ട് ഏത് സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേയ്ക്ക് കൂട്ടിച്ചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (Amendment) ആക്ടിൽ സെക്ഷൻ 22-ൽ വരുത്തിയ ഭേദഗതിയിലൂടെ നിലവിലെ സംഘങ്ങളെ മൾട്ടി സ്റ്റേറ്റ് സംഘങ്ങളാക്കി മാറ്റുന്നതിനുള്ള

വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. കൂടാതെ സഹകരണ മേഖലയ്ക്ക് സമാന്തരമായി മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് വഴിയൊരുക്കുന്ന വ്യവസ്ഥകൾ പുതിയ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി&ഇ) കേന്ദ്ര സർക്കാർ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്കെതിരായിരുന്നു. ഇതിനെതിരെ സംസ്ഥാന സർക്കാർ ഭരണഘടനയുടെ ആർട്ടിക്കിൾ 131-ലെ വ്യവസ്ഥകൾപ്രകാരം ഒരു കേസ് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, കേന്ദ്ര സർക്കാർ സഹകരണ മേഖലയെ തളർത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുമ്പോൾ അതിന് ബദൽ തീർത്തുകൊണ്ട് ശ്ലാഘനീയമായ രീതിയിൽ കേരളത്തിലെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്ന മന്ത്രിയെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. കേരളം ആസ്ഥാനമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതും കേരളത്തിൽ ശാഖകളുള്ളതുമായ എത്ര മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുണ്ട്; ഈ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന് ഏതെങ്കിലും

തരത്തിലുള്ള നിയന്ത്രണമേർപ്പെടുത്തുന്നതിനോ പരിശോധന നടത്തുന്നതിനോ അധികാരമുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഇപ്പോൾ 38 മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ് കേരളം ആസ്ഥാനമായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. 68 സഹകരണ സംഘങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ശാഖകളോടുകൂടി പ്രവർത്തിക്കുന്നു. ഇതുകൂടാതെ 180-ഓളം വ്യത്യസ്ത ശാഖകളുമുണ്ട്. കേന്ദ്ര സർക്കുലർ അനുസരിച്ച് 108 വകുപ്പ് പ്രകാരം ഇവയുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്താനുള്ള അവകാശമുണ്ട്. പക്ഷേ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഇതുമായി സഹകരിക്കാറില്ലെന്നതാണ് യാഥാർത്ഥ്യം.

<u>ശ്രീമതി സി. കെ. ആശ</u>: സർ, മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ കണക്കുകൾ എപ്രകാരമാണ് ഓഡിറ്റ് നടത്തുന്നത്; സംസ്ഥാനത്തെ സഹകരണ സംഘ ഓഡിറ്റ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് ബാധകമാണോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സംസ്ഥാന സഹകരണ ഓഡിറ്റ് നിയമം ബാധകമല്ല. മൾട്ടി

സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന്റെ പൊതുയോഗ തീരുമാനപ്രകാരം, ചാർട്ടേർഡ് അക്കൗണ്ടന്റ് മുഖാന്തരമോ കേന്ദ്ര രജിസ്ട്രാറുടെ കീഴിലുള്ള പാനലിൽനിന്നോ ഓഡിറ്റർമാരെ നിയോഗിച്ചാണ് ഇപ്പോൾ അവർ ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, സഹകരണ മേഖലയിൽ എഴുപത്തിയൊന്ന് ശതമാനത്തോളം ആളുകൾക്ക് നിക്ഷേപമുള്ള സംസ്ഥാനമാണ് കേരളം. സഹകരണ മേഖലയുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ നിയമത്തിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സംസ്ഥാന ഗവൺമെന്റ് ഫയൽ സ്യൂട്ട് ചെയ്തിട്ടുണ്ട്. അതിന്റെ പുരോഗതി വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാർ കൃത്യമായി ഫയൽ സ്യൂട്ട് ചെയ്തുകഴിഞ്ഞിട്ടുണ്ട്. അതിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയാണ് തീരുമാനമെടുക്കേണ്ടത്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, രാജ്യത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‍വെയർ തയ്യാറാക്കുന്ന പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ (വ്യക്തിപരമായ വിവരങ്ങൾ സഹിതം) കേന്ദ്ര സർവറിലേയ്ക്ക് അപ്‍ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാരിന്റെ പുതിയ പരിഷ്കാരങ്ങളുടെ ഫലമായി നബാർഡ് സഹായം കേരള ബാങ്കുവഴി ലഭിക്കുന്നതിന് പ്രയാസമുണ്ടാകാനിടയുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഈ പദ്ധതിയിൽ ചേരുന്നതിന് മുന്നോടിയായി സംഘങ്ങളുടെ രഹസ്യ ഡാറ്റ നൽകണമെന്ന കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിയിരുന്നു. സംസ്ഥാനത്ത് നേരത്തെതന്നെ ഒരു ഏകീകൃത സോഫ്റ്റ്‍വെയർ സംവിധാനം ആവിഷ്കരിച്ചുകൊണ്ടുള്ള പദ്ധതി തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. അതുമായി മുന്നോട്ടുപോകുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. അതിനാൽ കേന്ദ്രത്തിന്റെ ഏകീകൃത സോഫ്റ്റ്‍വെയർ നിലവിൽ

വരേണ്ടതില്ലെന്നറിയിച്ചിട്ടുണ്ട്. നിബന്ധനകൾക്ക് വിധേയമായി നബാർഡ് ധനസഹായം ലഭ്യമാകുന്നതാണ്.

ശ്രീ. സി. സി. മുകുന്ദൻ: സർ, കേന്ദ്ര സർക്കാരിന്റെ പുതിയ പരിഷ്കാരങ്ങളുടെ ഫലമായി നബാർഡ് സഹായം കേരള ബാങ്കുവഴി ലഭിക്കുന്നതിന് പ്രയാസങ്ങളുണ്ടാകാനിടയുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ നബാർഡ് അംഗീകൃത പ്രോജക്ടുകൾ സമയബന്ധിതമായി നൽകുന്നുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, സംസ്ഥാന വിഷയമായ " സഹകരണം" സംബന്ധിച്ച് ഭേദഗതി വരുത്തുന്നതിന് ഭരണഘടനയുടെ ആർട്ടിക്കിൾ 368(2) പ്രകാരം ഭൂരിപക്ഷം സംസ്ഥാനങ്ങളുടെ അംഗീകാരം വേണമെന്ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ പറയുന്നുണ്ട്. കേന്ദ്ര മൾട്ടി സ്റ്റേറ്റ് സഹകരണ നിയമത്തെക്കുറിച്ച് മറ്റ് സംസ്ഥാനങ്ങളുടെ നിലപാട് ഗവൺമെന്റ് ആരാഞ്ഞിട്ടുണ്ടോ; മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ കേരളത്തിൽ വ്യാപകമായി പ്രവർത്തനമാരംഭിച്ചിട്ടുള്ളതിനാൽ ഇതുയർത്തുന്ന വെല്ലുവിളി സഹകരണ മേഖലയ്ക്ക് വലിയ ഭീഷണിയാണെന്ന വസ്തുത സംസ്ഥാന സഹകരണ നിയമങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും അക്കാര്യം കണക്കിലെടുത്തിട്ടുണ്ട്. പുതിയ നിയമവുമായി ബന്ധപ്പെട്ട വിഷയം ഇന്ന് ബില്ലിന്റെ ചർച്ചയിൽ ഉൾപ്പെടുന്നുണ്ട്. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ആരംഭിച്ചിരിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പുതിയ നീക്കത്തിനെതിരെ നമ്മുടെ സംസ്ഥാനത്തെ സഹകാരികളുടെ സംയുക്ത സമരങ്ങൾ പല സ്ഥലങ്ങളിലും ഉയർന്നുവരികയും പ്രതിഷേധം രേഖപ്പെടുത്തുകയും അത്തരം നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, 1919-ലെ ഭരണ പരിഷ്കാരംവഴിയും ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ അനുസരിച്ചും സഹകരണ പ്രസ്ഥാനം സംസ്ഥാന വിഷയമാണ്. അതിനെ അട്ടിമറിക്കുന്നതിനാണ് കേന്ദ്രവും സഹകരണ മന്ത്രാലയവും ഇരുപതിലധികം പദ്ധതികൾ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘവും അതിന്റെ ഭാഗംതന്നെയാണ്. നമ്മുടെ സഹകരണ മേഖലയെ ബാധിക്കുന്നതാണ് PACS (Primary Agricultural Credit Societies). അതിന്റെ പ്രവർത്തനം എത്രകണ്ടാണ് കേരളത്തെ ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംസ്ഥാന രജിസ്ട്രാറുടെ സർക്കുലറിന് വിരുദ്ധമായി നിക്ഷേപങ്ങൾക്ക് ധാരാളമായി പലിശ കൊടുക്കുന്നു. സ്വാഭാവികമായും ഇത് പ്രാഥമിക സംഘങ്ങളിലേയ്ക്ക് കിട്ടിക്കൊണ്ടിരിക്കുന്ന നിക്ഷേപങ്ങളെ ബാധിക്കുന്ന ഒരു ഘടകമാണ്. അതോടൊപ്പംതന്നെ, RCS-ന്റെ യാതൊരു നിയന്ത്രണവുമില്ലാത്തതിനാൽ സംസ്ഥാനത്ത് അവരുടെ ബിസിനസ് അവരുടെ ഇഷ്ടത്തിനനുസരിച്ച് മുന്നോട്ടുപോകാം എന്നതാണ് അവസ്ഥ. അതുകൊണ്ടാണ് അതിനെതിരെ സർക്കാർ കേസുമായി മുന്നോട്ടുനീങ്ങിയിരിക്കുന്നത്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, 12-01-2012-ന് പാർലമെന്റ് പാസാക്കിയ 97-ാം ഭരണഘടനാ ഭേദഗതിയുടെ ഒരു ഭാഗം റദ്ദാക്കിയപ്പോൾത്തന്നെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ബഹുമാനപ്പെട്ട ഹൈക്കോടതി അതിന്റെ വിധിയിൽനിന്ന് ഒഴിവാക്കുകയുണ്ടായി. ഇവിടെ സൂചിപ്പിച്ചതുപോലെ, അതിന്റെ ഫലമായി ധാരാളം മൾട്ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ നിലവിൽ വന്നു. ഇത് നമ്മുടെ സഹകരണ മേഖലയെ തകർക്കുകയാണ്. ഇതിനെതിരായി

നാളിതുവരെ കേരള ഗവൺമെന്റ് എന്തെങ്കിലും നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നിശ്ചയമായും നടപടി സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ ഫയൽ ചെയ്ത സ്യൂട്ടിൽ ഇക്കാര്യം പ്രധാനമായും ഹൈലൈറ്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ ഭൂരിപക്ഷ വിധി മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ നിലനിർത്തിക്കൊണ്ടായിരുന്നു. അത്തരത്തിൽ ഒരു മൈനോറിറ്റി ഒബ്സർവ്വേഷൻ അതിലുണ്ടായിരുന്നു. യഥാർത്ഥത്തിൽ ഇതുകൂടി 97-ാം ഭരണഘടനാ ഭേദഗതിയിലൂടെ റദ്ദാക്കേണ്ടതാണ്. ഇത് ജസ്റ്റിസ് കെ. എം. ജോസഫിന്റെ വിധിയായിരുന്നു. സർക്കാർ ഇക്കാര്യം ക്വാട്ട് ചെയ്തുകൊണ്ടുതന്നെ സ്യൂട്ടിൽ അതുയർത്തിക്കൊണ്ടുവന്നിട്ടുണ്ട്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെ നിക്ഷേപങ്ങളും ഇടപാടുകളും സംബന്ധിച്ച പരാതികളുണ്ടായാൽ അത് സംസ്ഥാനതലത്തിൽ പരിഹരിക്കാനാവശ്യമായ നിയമഭേദഗതി നടത്തുന്നത് സംബന്ധിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ; അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, നിക്ഷേപ ഗ്യാരന്റി സ്കീമിൽ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ഉൾപ്പെടില്ല. അത് കേന്ദ്രവുമായി ബന്ധപ്പെട്ടതാണ്. നിക്ഷേപ ഗ്യാരന്റി സ്കീമിന്റെ പരിധിയിൽ വരാത്തതിനാൽ അതിന് സംസ്ഥാനത്ത് ഒരു ഗ്യാരന്റിയുമില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, നമ്മുടെ സംസ്ഥാനത്ത് 35 മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിരവധി സംഘങ്ങളും നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുവെന്ന് അങ്ങയുടെ മറുപടിയിൽ പറയുകയുണ്ടായി. ഇതിന് സംസ്ഥാന സർക്കാരിന്റെയും സഹകരണ രജിസ്ട്രാറുടെയും അനുമതി നൽകിയിട്ടുണ്ടോ; മറ്റ് സ്റ്റേറ്റുകളിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് ഇവിടെ പ്രവർത്തിക്കാൻ സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അത് നൽകിയിട്ടുണ്ടോ? ഈ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ നമ്മുടെ പ്രാഥമിക സഹകരണ സംഘങ്ങളെ തകർക്കുകയാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ തകർച്ചയ്ക്ക്

ഏതെല്ലാം രീതിയിലാണിത് കാരണമാകുന്നത് എന്നതുസംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, പുതുതായി വരുന്ന ബില്ലിൽ ഈ വിഷയം സംബന്ധിച്ച് ' Merger' എന്ന് പ്രത്യേക ടൈറ്റിൽ നൽകി ക്രമപ്പെടുത്തൽ നടത്തിയിട്ടുണ്ട്. അതേസമയം, മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിൽ സംസ്ഥാനത്തിന്റെ അധികാരം വേണ്ടെന്ന രൂപത്തിൽ കേന്ദ്രം സംസ്ഥാനത്തിന്റെ അവകാശത്തിൽ കടന്നുകയറുകയാണ്. ഫെഡറൽ സംവിധാനങ്ങളോടുള്ള വെല്ലുവിളിയാണിത്. അതിനെതിരെ നിയമപരവും ജനാധിപത്യപരവുമായ പ്രതിഷേധം രേഖപ്പെടുത്തിക്കഴിഞ്ഞു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സംസ്ഥാനത്ത് ഏകദേശം പത്ത് മൾട്ടി കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ രജിസ്റ്റേർഡ് ഓഫീസുകളും 110 ശാഖകളും പ്രവർത്തിക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾക്ക് സാധാരണഗതിയിൽ നൽകുന്നതിനേക്കാൾ പലിശ വാഗ്ദാനം ചെയ്ത് നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഇത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെയല്ല കാര്യങ്ങൾ. 33 മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത ഏകദേശം 68 സംഘങ്ങളുടെ ശാഖകളും ഇവിടെയുണ്ട്. ഇതുകൂടാതെ 180 സംഘങ്ങളുടെ ശാഖകളുമുണ്ട്. ഇത് ദോഷകരമായി ബാധിക്കുമെന്ന് കണ്ടിട്ടുണ്ട്. അതിനെതിരെയാണ് ഈ നടപടികളെല്ലാം നീക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള നടപടിക്കെതിരെ നിയമപരമായും ജനാധിപത്യപരമായും നീക്കങ്ങൾ നടത്തുമെന്ന് നേരത്തെ ഇവിടെ പറയുകയുണ്ടായി. കേരളത്തിലെ സുശക്തമായ സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള നടപടിക്കെതിരെ കേന്ദ്ര ഏജൻസികളെയും ലക്ഷക്കണക്കിന് വരുന്ന സഹകാരികളെയും സഹകരണ സംഘങ്ങളെയും പ്രയോജനപ്പെടുത്തിക്കൊണ്ട് ആവശ്യമായ രൂപത്തിലുള്ള ഒരു ബഹുജന പ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കാൻ തയ്യാറാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, സംസ്ഥാനാടിസ്ഥാനത്തിൽ ഇതിനോടകംതന്നെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സഹകാരികളുടെ സംഗമം ചേരുകയും ആർ.ബി.ഐ.-യുടെ മുമ്പിൽ പ്രക്ഷോഭം ഉയർത്തിക്കൊണ്ടുവരികയും ചെയ്തിരുന്നു. ഈയടുത്ത കാലത്ത് എറണാകുളത്തും തിരുവനന്തപുരത്തുമടക്കം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സംയുക്ത പ്രക്ഷോഭം നടക്കുന്നുണ്ട്. ഇതുകൂടാതെ നിയമപരമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിലൂടെ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത**

2(*182) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദീർഘകാല കരാറുകൾ റദ്ദാക്കി കൂടിയവിലയ്ക്ക് വൈദ്യുതി വാങ്ങുന്നതിലൂടെ ശരാശരി 4.29 രൂപയ്ക്ക് ലഭിച്ചിരുന്ന വൈദ്യുതിയുടെ വില 5.12 രൂപ മുതൽ 6.34 രൂപവരെ ഉയർന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി കെ.എസ്.ഇ.ബി.എൽ.-ന് കടുത്ത സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കും എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഈ നീക്കത്തിൽനിന്നും പിന്മാറാൻ തയ്യാറാകുമോ;

(സി) ഇത്തരത്തിലുണ്ടാകുന്ന അധികച്ചെലവ് സർചാർജ്ജായി ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) വൈദ്യുതി വാങ്ങൽ വില ഉയർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗൗരവമായി കാണുന്നുണ്ട്. 2014-15 കാലയളവിൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നൽകണമെന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10-05-2023-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങളും ടെണ്ടർ നടപടിക്രമങ്ങളും പാലിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ. വീഴ്ച വരുത്തിയതാണ് കരാറുകൾ അംഗീകരിക്കാതിരിക്കാനുള്ള കാരണമായി കമ്മീഷൻ ഉത്തരവിൽ പരാമർശിക്കുന്നത്. ദീർഘകാല കരാറുകൾ റദ്ദാക്കിയ റെഗുലേറ്ററി കമ്മീഷന്റെ നടപടിക്കെതിരെ കെ.എസ്.ഇ.ബി.എൽ.

സമർപ്പിച്ച അപ്പീൽ അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL)-യുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട മറ്റ് തുടർനടപടികൾ നിയമപരമായി എടുത്തുവരികയാണ്.

(സി) ദീർഘകാല കരാർ റദ്ദാക്കിയതുമൂലം വൈദ്യുതി ലഭ്യതയിലുണ്ടായ കുറവ് പരിഹരിക്കുന്നതിനായി വാങ്ങുന്ന വൈദ്യുതിയുടെ ചെലവ് സർചാർജ്ജായി ഈടാക്കാൻ വ്യവസ്ഥയില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, നിലവിലുള്ള കരാർ പരമാവധി തുകയായ 4 രൂപ 29 പൈസയാണ് ക്വാട്ട് ചെയ്തത്. സി.പി.ഐ.(എം) അനുഭാവ ഓഫീസേഴ്സ് അസോസിയേഷന്റെ പ്രസിഡന്റും മുൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ പി.എ.-യുമായിരുന്ന വ്യക്തികൾ ഉൾപ്പെട്ട മൂന്നംഗ റെഗുലേറ്ററി കമ്മീഷൻ ഇത് റദ്ദാക്കുകയും ഇതിനെത്തുടർന്ന് 6 രൂപ 88 പൈസയ്ക്കുള്ള കരാറിന് ബോർഡ് അംഗീകാരം നൽകുകയും ചെയ്തതിലൂടെ ഒരു ദിവസം 4 മുതൽ 7 കോടി രൂപവരെ വൈദ്യുതി ബോർഡിന് നഷ്ടമുണ്ടാക്കുന്ന കരാർ റെഗുലേറ്ററി കമ്മീഷനും കെ.എസ്.ഇ.ബി. ലിമിറ്റഡും കൂടി ചേർന്ന് നടത്തുന്നതിൽ വ്യാപകമായ നഷ്ടവും അഴിമതിയുമുണ്ടാകുന്നു എന്നുള്ള ആക്ഷേപത്തിൽ സി.ബി.ഐ. അന്വേഷിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് മുഴുവൻ ശരിയല്ല. വൈദ്യുതി വാങ്ങുന്നതിന് 2014-ൽ സംസ്ഥാന സർക്കാർ നൽകിയ കരാർ റെഗുലേറ്ററി കമ്മീഷൻ റദ്ദ് ചെയ്ത സാഹചര്യം ചുവടെ പറയുന്നവയാണ്. ഒന്ന്, 20-12-2016-ലെ സർക്കാർ ഉത്തരവുപ്രകാരം 865 മെഗാവാട്ട് വൈദ്യുതി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2003-ലെ വൈദ്യുതി നിയമത്തിലെ സെക്ഷൻ 63 പ്രകാരം കെ.എസ്.ഇ.ബി.എൽ. O.P.13/2015 ആയി സമർപ്പിച്ച താരിഫ് പെറ്റീഷനമേൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 03-08-2015-ൽ നൽകിയ ഇടക്കാല ഉത്തരവിലാണ് കേന്ദ്ര ഊർജ്ജ മന്ത്രാലയം നിഷ്കർഷിച്ച ടെണ്ടർ നടപടിക്രമങ്ങളിൽനിന്നും വ്യതിയാനമുള്ളതായി കണ്ടെത്തിയത്. 850 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിന് 50 ദിവസങ്ങൾക്കുള്ളിൽ രണ്ട് വ്യത്യസ്ത ടെണ്ടറുകൾ വിളിച്ചത് ടെണ്ടർ നടപടിക്രമങ്ങളിലുള്ള വ്യതിയാനമാണ്. മേൽ വ്യതിയാനങ്ങൾമൂലം കെ.എസ്.ഇ.ബി.എൽ.-ന് 25 വർഷത്തേയ്ക്ക് ഏകദേശം 6000 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 10-05-2023-ലെ ഉത്തരവിൽ പരാമർശിക്കുന്നു. രണ്ട്, Bid I-ൽ L1 ക്വാട്ട്

ചെയ്ത നിരക്കിനേക്കാൾ കൂടിയ തുകയ്ക്ക് L2-ന് കരാർ നൽകിയത് തെറ്റാണ്. മൂന്ന്, Bid II-ൽ 400 മെഗാവാട്ടിന് കരാർ ക്ഷണിച്ചെങ്കിലും 550 മെഗാവാട്ടിന് കരാറിൽ ഏർപ്പെട്ടിരിക്കുന്നതും നടപടിക്രമങ്ങളിലുള്ള വ്യതിയാനമാണ്. ഇതൊക്കെയാണ് റെഗുലേറ്ററി കമ്മീഷൻ കണ്ടെത്തിയിരിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങനെയാണെങ്കിൽ കഴിഞ്ഞ ഏഴ് വർഷം ഇതേ കരാർപ്രകാരം വൈദ്യുതി വാങ്ങുകയും ഈ കരാർ ഉണ്ടാക്കുന്ന കാലത്തെ ചെയർമാനായിരുന്ന ശ്രീ. ശിവശങ്കരനെതിരെ വിജിലൻസ് അന്വേഷണം നടത്താതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 20-11-2020-ന് വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ പ്രാഥമിക അന്വേഷണം നടന്നുവരികയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം

ഡോ. മാത്യു കുഴൽനാടൻ: സർ, ദീർഘകാല കരാറിനെ സംബന്ധിച്ച സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി റെഗുലേറ്ററി കമ്മീഷൻ ദീർഘകാല കരാർ റദ്ദാക്കിയതുകൊണ്ടാണ് പുതിയ നിരക്കിൽ വൈദ്യുതി

വാങ്ങേണ്ടതില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. പ്രസ്തുത ഉത്തരവ് സംസ്ഥാനത്തിനും കെ.എസ്.ഇ.ബി.എൽ.-നും നഷ്ടമുണ്ടാക്കുന്നുവെന്ന് മനസ്സിലാക്കിയ നിലയ്ക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡോ സംസ്ഥാന സർക്കാരോ ആ ഓർഡർ ചലഞ്ച് ചെയ്യുകയോ അതിന്മേൽ നിയമനടപടി അപ്പീലോ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ചെയ്തില്ല?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25-08-2023-ൽ ഒരു യോഗം വിളിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ദുർബലമായ കാലവർഷംമൂലം ജലവൈദ്യുതിയുടെ ഉൽപ്പാദനക്കുറവ്, മഴക്കുറവ്, ഉയർന്ന താപനിലമൂലം വർദ്ധിച്ച ഉപയോഗം എന്നിവ നിലവിൽ വൈദ്യുതി പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടെന്നും കൂടാതെ 465 മെഗാവാട്ട് വൈദ്യുതിക്കുള്ള കരാറുകൾ 2023 മെയ് പത്തിനുതന്നെ കെ.എസ്.ഇ.ബി.എൽ. റദ്ദാക്കിയതും വൈദ്യുതി ലഭ്യതക്കുറവിന് കാരണമായിട്ടുണ്ടെന്നും കെ.എസ്.ഇ.ബി.എൽ. ചെയർമാൻ യോഗത്തിൽ അറിയിക്കുകയുണ്ടായി. 20 മെഗാവാട്ട് വൈദ്യുതി ഹ്രസ്വകാല കരാർവഴി വാങ്ങാനായി 2023-24-ന് ടെണ്ടർ വിളിക്കുകയും 2023 ആഗസ്റ്റ്

നാല് മുതൽ പ്രസ്തുത വൈദ്യുതി ലഭിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്. വിവിധ സമയങ്ങളിലെ കമ്മി കണക്കിലെടുത്ത് പവർ എക്സ്ചേഞ്ചിൽനിന്നും ആവശ്യാനുസരണം തത്സമയം വൈദ്യുതി വാങ്ങിക്കൊണ്ട് വൈദ്യുതി ലഭ്യതയിലെ കുറവ് നികത്താവുന്നതാണെന്ന് ചെയർമാനും മാനേജിംഗ് ഡയറക്ടറും പ്രസ്തുത യോഗത്തിൽ അറിയിച്ചു. പൊതുതാല്പര്യം മുൻനിർത്തി 465 മെഗാവാട്ട് വൈദ്യുതിക്കുള്ള കരാറുകൾ റദ്ദാക്കിയത് സംബന്ധിച്ച് സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്മേൽ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 108 പ്രകാരം സർക്കാർ തീരുമാനമെടുക്കണമെന്നുകൂടി ചെയർമാൻ മാനേജിംഗ് ഡയറക്ടറുടെ യോഗത്തിൽ അപേക്ഷിച്ചു. തുടർന്ന് പ്രസ്തുത കാര്യം യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും 465 മെഗാവാട്ട് വൈദ്യുതിക്കുള്ള കരാറുകൾ റദ്ദാക്കിയ വിഷയത്തിൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുമായി ആശയവിനിമയം നടത്തി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഊർജ്ജ വകുപ്പ് സെക്രട്ടറി, കെ.എസ്.ഇ.ബി.എൽ. ചെയർമാൻ എന്നിവർ ചേർന്ന് ചർച്ച ചെയ്ത് അടിയന്തര നടപടി സ്വീകരിക്കുന്നതിന് യോഗം തീരുമാനമെടുത്തു. റിപ്പോർട്ട് ലഭിച്ചാലുടൻ തുടർനടപടി സ്വീകരിക്കും.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, 2009-ലെ സെൻട്രൽ ഇലക്ട്രിസിറ്റി കമ്മീഷൻ റെഗുലേഷൻസ്പ്രകാരം ട്രാൻസ്മിഷൻ കോറിഡോർ അനുവദിക്കുന്നതിനുള്ള പ്രാഥമിക മുൻഗണന നൽകുന്നത് ദീർഘകാല കരാറിൽ ഏർപ്പെടുന്ന കമ്പനികൾക്കാണ്. ഇടക്കാല-ഹ്രസ്വകാല കരാറുകളിലൂടെ വൈദ്യുതിക്ക് പിന്നീടുള്ള മുൻഗണന മാത്രമാണ് ലഭിക്കുക. ചട്ടങ്ങളിലെ ഈ മാനദണ്ഡങ്ങൾ പാലിക്കാത്തതുമൂലം കോറിഡോർ അനുവദിക്കുന്നതിനുള്ള മുൻഗണന ഇല്ലാതാകും. ഇക്കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പരിശോധനാ വിധേയമാക്കിയിട്ടില്ല.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ദീർഘകാല കരാറുകൾ ഏകപക്ഷീയമായി റദ്ദ് ചെയ്യുമ്പോൾ കരാർ കമ്പനികൾക്ക് നഷ്ടപരിഹാരം ക്ലെയിം ചെയ്യാൻ സാധിക്കും. അത് കരാർ വ്യവസ്ഥയുടെ ഭാഗമാണ്. അത്തരത്തിൽ എത്ര സംഖ്യയാണ് നഷ്ടപരിഹാരമായി നൽകേണ്ടിവരുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കരാർ ഏകപക്ഷീയമായി റദ്ദ് ചെയ്യുന്നില്ല, റെഗുലേറ്ററി കമ്മീഷൻ വിചാരണ ചെയ്ത് എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് റദ്ദ് ചെയ്തതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പണ്ട് കേരളത്തിൽ നിരവധി സ്വകാര്യ വ്യക്തികളുടെ പറമ്പുകളിലൂടെയാണ് വൈദ്യുതി ലൈൻ കടന്നുപോയിരുന്നത്. ഇപ്പോൾ, ആധുനിക കാലത്ത് എല്ലായിടത്തും പൊതുവഴികൾ ആവശ്യത്തിനുവന്നപ്പോൾ അതിലൂടെ പുതിയ ലൈനുകൾ കടന്നുപോകുന്നുണ്ട്. ഉപയോഗശൂന്യമായ പഴയ ലൈനുകൾ നിലനിൽക്കുന്നതുകൊണ്ട് ലൈഫ് പദ്ധതിയിലൂടെ വീട് ലഭിച്ചവർക്കുപോലും വീടുനിർമ്മിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ഇത്തരത്തിലുള്ള സ്ഥലങ്ങളിലെ കമ്പി മാറ്റുന്നതിന് കെ.എസ്.ഇ.ബി.-യെ സമീപിക്കുമ്പോൾ വൻതുകയാണ് അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ കെ.എസ്.ഇ.ബി.-ക്കുതന്നെ അത് മാറ്റിയാൽ ലാഭമാണ്. ഇത്തരം ലൈനുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് അനാവശ്യമായി കെ.എസ്.ഇ.ബി.-ക്ക് പണം ചെലവാക്കേണ്ടി വരികയാണ്. അതുകൊണ്ട് ബദൽ വഴികളുള്ള ലൈനുകളുള്ള സ്ഥലത്ത് ഇന്ന് ഉപയോഗശൂന്യമായി

കിടക്കുന്ന ലൈനുകൾ മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. തന്നെ മുൻകയ്യെടുക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കെ.എസ്.ഇ.ബി.-ക്ക് വലിയ നഷ്ടം വരാത്ത രീതിയിലുള്ള നടപടികൾ സ്വീകരിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ദീർഘകാലാടിസ്ഥാനത്തിൽ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന കരാറാണ് റദ്ദാക്കിയത്. റദ്ദാക്കിയ ദീർഘകാലാടിസ്ഥാനത്തിലെ കരാർ പ്രകാരം ലഭിച്ച നിരക്കിലും കുറച്ച് വൈദ്യുതി പുതിയ കരാർവഴി ലഭിക്കില്ലെന്നിരിക്കെ സംസ്ഥാനത്തിന്റെ വൈദ്യുതി ക്ഷാമം കണക്കിലെടുത്ത് റദ്ദാക്കിയ കരാർ പുന:സ്ഥാപിക്കാൻ സാധിക്കുമോ; പുതിയ കരാറിലേർപ്പെടുന്നതുവഴിയുണ്ടാകുന്ന അധിക ബാധ്യത ഉപഭോക്താക്കളിൽനിന്ന് ഈടാക്കാൻ ബോർഡ് ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതിനെക്കുറിച്ച് പഠിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗുരുതരമായ ഒരു വിഷയമാണ് ഇവിടെ ചോദ്യമായി വന്നിരിക്കുന്നത്. നേരത്തെയുണ്ടാക്കിയ ഒരു ദീർഘകാല കരാർ റഗുലേറ്ററി അതോറിറ്റി റദ്ദാക്കി. അത് റദ്ദാക്കുമ്പോൾ ഭാവിയിലുണ്ടാകുന്ന അപകടകരമായ സാധ്യതകളെക്കുറിച്ച് സർക്കാർ പരിഗണിച്ചില്ല. ഇപ്പോൾ വീണ്ടും പ്രതിസന്ധിയുണ്ടായപ്പോൾ, പുതിയ കരാറിനെക്കുറിച്ച് ആലോചിക്കുമ്പോൾ.... നേരത്തെയുണ്ടായിരുന്നത് 4.29 രൂപയ്ക്ക് വൈദ്യുതി ലഭിച്ചിരുന്ന കരാറാണ്. പുതിയ കരാർ വയ്ക്കുമ്പോൾ അത് ആറും ഏഴും രൂപയായി മാറാൻ പോകുകയാണ്. വളരെ ലാഭകരമായിരുന്ന ഒരു കരാർ റദ്ദാക്കി വളരെ വിലകൂടിയ ഒരു കരാറിലേയ്ക്ക് പോകേണ്ട സ്ഥിതിയിലേയ്ക്ക് ബോർഡ് എത്തിയിരിക്കുകയാണ്. ഇതിൽ രണ്ട് അപകടങ്ങളുണ്ട്, അതിൽ ഒന്ന്, കരാർ റദ്ദാക്കുമ്പോഴുണ്ടാകുന്ന നഷ്ടപരിഹാരം.... അവരുമായി സർക്കാരുണ്ടാക്കിയ എഗ്രിമെന്റാണ്. അതിൽ സർക്കാരും ബോർഡും പാർട്ടിയാണ്. ആ എഗ്രിമെന്റ് വേണ്ടെന്ന് റെഗുലേറ്ററി അതോറിറ്റി തീരുമാനിച്ചാൽപ്പോലും അവർക്ക് വലിയ തുക നഷ്ടപരിഹാരം കൊടുക്കേണ്ടി വരും. രണ്ടാമത്, അത് പുനഃസ്ഥാപിക്കാൻ കഴിയുമോയെന്നാണ്

ആലോചിക്കേണ്ടത്. കാരണം, യൂണിറ്റിന് ഇതിന്റെ ഇരട്ടി തുകയാകുന്ന കരാറിൽ ഏർപ്പെട്ടുകഴിഞ്ഞാൽ, നേരത്തെ ഇവിടെ ചോദിച്ചതുപോലെ ആ ബാധ്യത എങ്ങനെ തീർക്കും? പുതിയ കരാറിലേർപ്പെടുമ്പോൾ ബോർഡിന് വരുന്ന ഭീമമായ നഷ്ടം ഉപഭോക്താക്കളിൽനിന്ന് സർചാർജ്ജായി ഈടാക്കാൻ പോകുന്നുവെന്ന വാർത്തയാണ് മാധ്യമങ്ങളിലും മറ്റും വരുന്നത്. ഒരു പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. അപ്പോൾ സർക്കാരിന്റെ ഭാഗത്തുനിന്നുംവന്ന ഗൗരവതരമായ ഒരു പാളിച്ച അല്ലെങ്കിൽ അശ്രദ്ധ അത് ഉപഭോക്താവിന്റെ തലയിൽ വന്നുവീഴാനിടയാകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: അന്നത് നിയമപ്രകാരമല്ലെന്നുള്ള രീതിയിലാണ് റെഗുലേറ്ററി കമ്മീഷൻ വിധിച്ചത്. ആറായിരം കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്നാണ് പറഞ്ഞത്. എന്തായാലും ബോർഡ് അപ്പീലിന് പോയിട്ടുണ്ട്. അപ്പീലിന്റെ വിധി വരട്ടെ. ഇതിനെക്കുറിച്ച് പഠിക്കാൻ മുഖ്യമന്ത്രിയുമായി മീറ്റിംഗ് നടത്തിയതിനുശേഷം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് വന്നശേഷം ഭാവിനടപടി സ്വീകരിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞ രീതിയിൽ ഒരു പ്രശ്നം വരില്ല. ഇതിന്റെ ഭാഗമായി ജനങ്ങളുടെമേൽ അമിതഭാരം വരാൻപാടില്ലെന്നുതന്നെയാണ് സർക്കാർ കാണുന്നത്. സർക്കാരല്ല ഇത് റദ്ദാക്കുന്ന നിലപാടെടുത്തത്. ഈ ഘട്ടത്തിൽ മാത്രമല്ല നേരത്തെയും ഈ പ്രശ്നം ക്യാബിനറ്റിന്റെ മുമ്പിൽ വന്നതാണ്. ചില വിയോജിപ്പുകളുണ്ടായിരുന്നെങ്കിലും കരാർ നടപ്പാക്കിയ സാഹചര്യത്തിൽ അത് റദ്ദ് ചെയ്താലുണ്ടാകാനിടയുള്ള ഭവിഷ്യത്ത് ഓർത്തുതന്നെയാണ് അത് തുടർന്നുപോകാൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായി തുടർന്നുവരികയായിരുന്നു. അത് ഈ ടേമിലല്ല കഴിഞ്ഞ ടേമിലായിരുന്നു. ഇപ്പോൾ റെഗുലേറ്ററി അതോറിറ്റിയുടെ മുമ്പിൽ ഈ പ്രശ്നം വന്നപ്പോഴാണ് അവരത് റദ്ദ് ചെയ്യുന്ന നിലയെടുത്തത്. അത് സംസ്ഥാന താൽപ്പര്യത്തിന് തീർത്തും വിരുദ്ധമായൊരു കാര്യമാണ്. അതെങ്ങനെ മറികടക്കാമെന്നതടക്കം സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ മറ്റ് ആശങ്കകളുണ്ടാകേണ്ടതില്ലെന്നാണ് അതുമായി ബന്ധപ്പെട്ട് വ്യക്തമാക്കാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ന് കേരളത്തിൽ വൈദ്യുതി പ്രതിസന്ധി രൂക്ഷമാണ്. കായംകുളം എൻ.റ്റി.പി.സി.-യുമായി നമുക്കൊരു എഗ്രിമെന്റുണ്ട്. സംസ്ഥാന സർക്കാർ നൂറ് കോടി രൂപ എല്ലാ വർഷവും കായംകുളം എൻ.റ്റി.പി.സി.-ക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. നാഫ്ത ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപ്പാദനമാണ് അവിടെ നടത്താൻ ഉദ്ദേശിച്ചിരുന്നത്. ഇപ്പോൾ നാഫ്തയുടെ വില കൂടിയതുകൊണ്ട് അത് നിർത്തലാക്കി. ഇപ്പോഴും കേരള സർക്കാർ പ്രസ്തുത പണം നൽകിക്കൊണ്ടിരിക്കുകയാണ്. പക്ഷെ അവിടെ സോളാർ എനർജി ഉൽപ്പാദനം വളരെ ശക്തമായി നടക്കുന്നുണ്ട്. സംസ്ഥാന സർക്കാർ അവിടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എടുക്കുന്നുണ്ടോ; അത് കൂടുതൽ ശക്തിപ്പെടുത്താനുള്ള മാർഗ്ഗത്തെക്കുറിച്ച് സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പ്രസ്തുത വിഷയത്തിന് പ്രത്യേക ചോദ്യം വേണ്ടതാണ്. എന്തായാലും അവരുമായി സഹകരിച്ച് മുമ്പോട്ടുപോകാൻ തയ്യാറാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ആശങ്കകൾ പറഞ്ഞപ്പോൾ എനിക്കും ഒരു ആശങ്കയുണ്ടായിരിക്കുന്നു. വൈദ്യുതി ചാർജ്ജ് കൂട്ടുന്നതിനെക്കുറിച്ച് ചില അഭ്യൂഹങ്ങളൊക്കെ പരക്കുന്നുണ്ട്. വൈദ്യുതി ചാർജ്ജ് കൂട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾ കൂട്ടേണ്ടി വരില്ല. അടുത്ത വർഷമാണ് ഇതിന്റെ കണക്ക് വരുന്നത് അപ്പോൾ വേണ്ടത് ചെയ്യാം.

## പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി

3(*183) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കാൻ തീരുമാനിച്ച പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നിശ്ചിത തുക ഒടുക്കി രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗനിർണ്ണയം നടത്തി ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തി തുടർചികിത്സ നിർദ്ദേശിക്കുന്ന പദ്ധതി ഇതിന്റെ ഭാഗമായി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാ തലങ്ങളിലുമുള്ള ആരോഗ്യ സംരക്ഷണങ്ങളിലും സഹകരണ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) കേരള സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ സഹകരണ വകുപ്പ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വാർദ്ധക്യത്തെയും രോഗത്തെയും

അഭിമുഖീകരിക്കുന്നവർക്കും നിരാശ്രയർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകളിൽ പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കാനുതകുന്ന സഹകരണ ആശുപത്രികൾ ഇല്ലാത്തതിനാൽ ടി ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിക്കാൻ തീരുമാനിക്കുകയുണ്ടായെങ്കിലും 10 ജില്ലകളിലെ 18 ആശുപത്രി സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ച പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതിയിൽ, നിലവിൽ 10 ജില്ലകളിലെ 23 ആശുപത്രി സഹകരണ സംഘങ്ങൾ പ്രസ്തുത സേവനം നൽകിവരുന്നുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുന്ന രോഗികൾ ചികിത്സാ ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിലെത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീടുകളിൽ എത്തിക്കുകയും തുടർചികിത്സ ആവശ്യമാണെങ്കിൽ നിശ്ചിത ഇടവേളകളിൽ

താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തുകയും ആയതിന്റെ ഫീസ് ഈടാക്കുകയും ചെയ്യുന്നതാണ്.

(ഡി) അതത് ജില്ലകളിലെ സഹകരണ ആശുപത്രികളുടെ അടിസ്ഥാന/ഭൗതിക സാഹചര്യമനുസരിച്ച് ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാ തലങ്ങളിലുമുള്ള ആരോഗ്യ സംരക്ഷണങ്ങളിലും സഹകരണ ആശുപത്രികളെ ഉൾപ്പെടുത്താമോയെന്നത് പരിശോധിക്കുന്നതാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, എല്ലാ മണ്ഡലങ്ങളിലും സഹകരണ ആശുപത്രികൾക്കുപുറമെ സർവ്വീസ് സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ അത്തരമൊരു തീരുമാനമെടുത്തിട്ടുണ്ട്. 10 ജില്ലകളിലെ 23 ആശുപത്രികളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയെന്ന് ഞാനിവിടെ സൂചിപ്പിച്ചുകഴിഞ്ഞു. ബാക്കിയുടെ പിന്നീട് പരിഗണിക്കും.

ശ്രീമതി ഒ. എസ്. അംബിക: സർ, കേരളത്തിലെ വയോജനങ്ങൾക്കായി സഹകരണ മേഖലയിൽ പകൽ വീടുകളും വൃദ്ധസദനങ്ങളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, പകൽ വീടുകളും വൃദ്ധസദനങ്ങളും ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, സംസ്ഥാനത്ത് പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള അനുമതി സർക്കാർ നൽകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അതിന് പ്ലാൻ ഫണ്ടിൽനിന്നും വ്യവസ്ഥകൾക്ക് വിധേയമായി ഓഹരിയും സബ്സിഡിയോടുകൂടിയ വായ്പയും അനുവദിക്കും. ആംബുലൻസിനുള്ള സൗകര്യവുമുണ്ടാക്കും.

ശ്രീ. പി. ടി. എ. റഹീം: സർ, എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അതിനുള്ള ശ്രമങ്ങളിലേയ്ക്കാണ് വരുന്നത്. ഇ.എം.എസ്. ആശുപത്രി, കൊല്ലം എൻ.എസ്. ആശുപത്രി, ഇന്ദിരാഗാന്ധി ആശുപത്രി, കോഴിക്കോട് ആശുപത്രി, മൂവാറ്റുപുഴ ആശുപത്രി തുടങ്ങി നിരവധി എണ്ണം ഇപ്പോൾ വന്നുകഴിഞ്ഞു. എല്ലാ ജില്ലകളിലും മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ ആരംഭിക്കുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ 25 നേഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനായി 2023-24 ബഡ്ജറ്റിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടത്തിക്കോട് മേഖലയിൽ CAPE നിർമ്മാണം ആരംഭിച്ച കോളേജ് കെട്ടിടവും അഞ്ചര ഏക്കർ സ്ഥലവും പരിഗണിച്ചാൽ ഒരു നേഴ്സിംഗ് കോളേജും ഹോസ്റ്റലും ആരംഭിക്കാൻ ഈ സൗകര്യം ധാരാളം മതി. ഇത് പ്രയോജനപ്പെടുത്തി വടക്കാഞ്ചേരി ജില്ലാ ആശുപത്രിയെ പേരന്റ് ഹോസ്പിറ്റലായി പരിഗണിച്ച് CAPE-ന്റെ മേൽനോട്ടത്തിൽ വടക്കാഞ്ചേരിയിൽ നേഴ്സിംഗ് കോളേജ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അത് ഭാവിയിൽ നമുക്ക് പരിശോധിക്കാവുന്ന ഒരു ക്രിയാത്മക നിർദ്ദേശമാണ്, സ്വാഗതം ചെയ്യുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സഹകരണ ബാങ്കുകളുടെ പൊതുനന്മ ഫണ്ടിൽനിന്നും പാലിയേറ്റീവ് സൊസൈറ്റികൾക്ക് വാഹനവും മറ്റ് ഉപകരണങ്ങളും വാങ്ങി കൊടുക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; അതിന് നിർദ്ദേശം സർക്കാരിന് നൽകാവുന്നതാണോ?

ശ്രീ. വി. എൻ. വാസവൻ: സർ, പൊതുനന്മ ഫണ്ടിൽനിന്ന് പാലിയേറ്റീവ് സൊസൈറ്റികൾക്ക് സഹായം ചെയ്യുന്ന സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. അതിന് തർക്കമൊന്നുമില്ല.

ശ്രീ. എച്ച്. സലാം: സർ, ഇതൊരു പ്രധാനപ്പെട്ട പദ്ധതിയാണ്. സഹകരണ ആശുപത്രികളില്ലാത്ത ജില്ലകളിലുൾപ്പെടെ പ്രാഥമിക സഹകരണ സംഘങ്ങളും പ്രാദേശിക പാലിയേറ്റീവ് സൊസൈറ്റികളുമായിച്ചേർന്ന് വീടുകളിലെത്തി കിടപ്പുരോഗികളെ പരിചരിക്കാനാവശ്യമായ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾത്തന്നെ പദ്ധതി ആവിഷ്കരിച്ച് സാന്ത്വന പരിചരണം - പെയ്ഡായിട്ടുള്ളതും നോൺ

പെയ്ഡായിട്ടുള്ളതും സഹകരണ മേഖലയിൽക്കൂടി വളർത്തികൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്. അത് നടപ്പാക്കും.

## ഭൂമി രജിസ്ട്രേഷൻ സുതാര്യവും വേഗത്തിലുമാക്കാൻ നടപടി

4 (*184) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി രജിസ്ട്രേഷൻ നടപടികൾ സുതാര്യവും വേഗത്തിലുമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) രജിസ്ട്രേഷൻ നടപടികളിലെ കാലതാമസം ഒഴിവാക്കി പോക്കുവരവ് ഉൾപ്പെടെയുള്ള തുടർനടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) സംസ്ഥാനത്തെ ഭൂമി രജിസ്ട്രേഷൻ നടപടികൾ സുതാര്യവും വേഗത്തിലുമാക്കാൻ ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും

തൊഴിലിനെ ബാധിക്കാത്ത വിധം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ആധാര മാതൃകകൾ ലളിതവത്കരിച്ചുകൊണ്ട് അവ കമ്പ്യൂട്ടറിലൂടെ തന്നെ തയ്യാറാക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കുന്നതിനാവശ്യമായ വെബ്ക്യാമറ, ബയോമെട്രിക് സ്കാനർ, ഇലക്ട്രോണിക് സിഗ്നേച്ചർ പാഡ് എന്നിവ എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളിലും സ്ഥാപിച്ചു. ഈ സംവിധാനം നിലവിൽ വരുന്നതോടുകൂടി ആധാരകക്ഷികളുടെ ഫോട്ടോയും, വിരൽപ്പതിപ്പും ഡിജിറ്റൽ രൂപത്തിൽ തന്നെ ആധാരത്തിലെ പുറത്തെഴുത്തായി വരുന്നു. ഈ സൗകര്യം നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള പരീക്ഷണ പരിപാടി സംസ്ഥാനത്തെ 14 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടന്നുവരുന്നു.

2. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് 01-04-2023 മുതൽ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കിയിരുന്നു. ഇതിന്റെ പരീക്ഷണ പരിപാടിയും സംസ്ഥാനത്തെ 14 സബ്‌രജിസ്ട്രാർ ഓഫീസുകളിൽ നടന്നുവരുന്നു.

3. ഒരു ജില്ലയിലെ ആധാരം ആ ജില്ലയിലെ ഏത് സബ്‌രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുവാൻ കഴിയുന്ന രീതിയിൽ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് "Anywhere Registration" സൗകര്യം നടപ്പിലാക്കിയിരുന്നു.

4. വിൽക്കുന്നയാളിനോ വാങ്ങുന്നയാളിനോ സ്വയം ആധാരം തയ്യാറാക്കുവാൻ അനുമതി നൽകിയിരുന്നു. ഇതിനാവശ്യമായ നിയമ ഭേദഗതിയും നടപ്പിലാക്കിയിരുന്നു.

5. ആധാരത്തോടൊപ്പം സമർപ്പിക്കേണ്ട ഫയലിംഗ് ഷീറ്റുകൾ A3-യിൽ നിന്നും A4-ലേയ്ക്ക് രൂപമാറ്റം നടത്തിയിരുന്നു.

6. ഫയലിംഗ് ഷീറ്റുകൾ കമ്പ്യൂട്ടറിൽ സുഗമമായി പ്രിന്റ് ചെയ്യുന്നതിനായി വരയില്ലാത്ത ഫയലിംഗ് ഷീറ്റുകൾ അച്ചടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ആധാര രജിസ്ട്രേഷൻ നടത്തുന്നതിനോടൊപ്പം പോക്കുവരവും തത്സമയം നടത്തുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ PEARL സംവിധാനവും റവന്യൂ വകുപ്പിന്റെ ReLIS സംവിധാനവും തമ്മിൽ സംയോജിപ്പിച്ചുകൊണ്ട് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്ന

വേളയിൽത്തന്നെ ആധാരങ്ങളുടെ ഡിജിറ്റൽ പകർപ്പ് സഹിതമുള്ള വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. കേരളത്തിലെ ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് രജിസ്ട്രേഷൻ, റവന്യൂ, സർവ്വെ വകുപ്പുകളുടെ സേവനങ്ങൾക്കായി "എന്റെ ഭൂമി" എന്ന പേരിൽ ഏകജാലക പോർട്ടലിന്റെ രൂപകല്പന പുരോഗമിക്കുന്നു. ഈ പോർട്ടൽ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ആധാര രജിസ്ട്രേഷൻ നടത്തുന്നതിനായി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ സ്കെച്ച് "എന്റെ ഭൂമി" പോർട്ടലിൽ നിന്നുതന്നെ തയ്യാറാക്കിക്കൊണ്ട് പ്രസ്തുത പോർട്ടലിൽ ലഭ്യമായിട്ടുള്ള ആധാര മാതൃകകൾ ഉപയോഗിച്ച് കമ്പ്യൂട്ടർ മുഖാന്തരം ആധാരം തയ്യാറാക്കാവുന്നതും ഇങ്ങനെ തയ്യാറാക്കി സമർപ്പിക്കുന്ന ആധാരങ്ങളുടെ പോക്കുവരവ് നടപടികൾ ആധാരം രജിസ്റ്റർ ചെയ്യുന്ന ദിവസം തന്നെ നടത്താവുന്നതുമാണ്. രജിസ്ട്രേഷൻ വകുപ്പിൽ ഇതിനായി എല്ലാ സബ്‌രജിസ്ട്രാർ ഓഫീസിലും വെബ് ക്യാമറ, ബയോമെട്രിക് സ്കാനർ, ഇലക്ട്രോണിക് സിഗ്നേച്ചർ പാഡുകൾ എന്നിവയുടെ വിതരണം പൂർത്തിയാക്കിയിട്ടുള്ളതാണ്. രജിസ്ട്രേഷന് ഹാജരാക്കിയ ആധാരങ്ങളുടെ

രജിസ്ട്രേഷൻ പ്രക്രിയയുടെ ഭാഗമായുള്ള പുറത്തെഴുത്തുകൾ ഡിജിറ്റൽ രൂപത്തിൽ തന്നെ ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഈ സംവിധാനത്തിലൂടെയുള്ള സേവനം തടസ്സം കൂടാതെ നടപ്പിലാക്കുന്നതിനായി രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതിയും ആവശ്യമാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയിട്ടുള്ള ഡിജിറ്റൽ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. പൊതുജനോപകാരപ്രദമായ പല നല്ലകാര്യങ്ങളും നടപ്പിലാക്കുമ്പോൾ ഓൺലൈൻ എൻഡോഴ്സ്മെന്റ് ചെയ്യുന്നതിനുള്ള ഉപകരണങ്ങളും കമ്പ്യൂട്ടറുകളും പലസ്ഥലങ്ങളിലും എത്തിയിട്ടുണ്ട്. എന്നാൽ 2016-നുമുമ്പുള്ള കമ്പ്യൂട്ടറുകളാണ് ഉപയോഗിക്കുന്നത്. കമ്പ്യൂട്ടറുകളുടെ വേഗതക്കുറവും സ്കാനറുകളുടെ എണ്ണവും ഇതിൽ കാലതാമസം സൃഷ്ടിക്കാനിടയാക്കുന്നു. എൻഡോഴ്സ് ചെയ്ത് ലഭിക്കണമെങ്കിൽ മിനിമം 14 ദിവസമെടുക്കും. എന്നാൽ ക്യാമറയെല്ലാം എത്തികഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി, അക്കാര്യത്തിൽ വേഗത വരുത്തണമെന്നും സ്കാനറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ക്യാമറകളിൽ സാക്ഷികളുടെയടക്കം ഫോട്ടോകൾ രേഖപ്പെടുത്തികൊണ്ട്

ഇന്ന് രജിസ്റ്റർ ചെയ്യുന്ന പ്രമാണം ഇന്ന് വൈകിട്ടുതന്നെ നൽകാൻ കഴിയുന്ന വിധത്തിലാണ് രജിസ്ട്രേഷൻ വകുപ്പ് മുന്നിട്ടെടുക്കുന്ന ഒരു ഇൻഷ്യേറ്റീവ്. അത് ചെയ്യുന്നതിനുള്ള നടപടികളെ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വന്ന ഉപകരണങ്ങൾ, വാങ്ങിയെന്ന് അങ്ങ് ഉത്തരത്തിൽ പറഞ്ഞു, അവ ഇൻസ്റ്റാൾ ചെയ്ത് കമ്പ്യൂട്ടറുകളുടെ വേഗത കൂട്ടി ഇന്ന് രജിസ്റ്റർ ചെയ്യുന്ന പ്രമാണം ഇന്നുതന്നെ നൽകുന്നതിലൂടെ അഴിമതി ഒഴിവാക്കുന്നതിനും ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാകുന്ന സംവിധാനമാണ്. അതിനാലത് എപ്പോൾ നടപ്പിലാക്കാൻ സാധിക്കും?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ച കാര്യം, ആദ്യം 14 സബ്‌രജിസ്ട്രാർ ഓഫീസുകൾ തെരഞ്ഞെടുത്തുകൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. അതിപ്പോൾ വിപുലീകരിച്ചുകൊണ്ടിരിക്കുന്നു. ആദ്യഘട്ടത്തിൽ ചില ന്യൂനതകൾ ഉണ്ടായിരുന്നു. എന്നാലിപ്പോൾ അത് പരിഹരിച്ച് മുന്നോട്ടുവരുന്നുവെന്ന സന്തോഷ വാർത്ത അറിയിക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, കൊച്ചിപോലെയുള്ള മഹാനഗരങ്ങളിൽ റിയൽ എസ്റ്റേറ്റുകാർ രജിസ്ട്രേഷൻ വകുപ്പിനോട് പ്രത്യേക

തരത്തിലുള്ള കബളിപ്പിക്കൽ നടത്തുന്നുണ്ട്. അതായത്, garden land without road-ഉം ചതുപ്പുകളാണെന്നാണ് പറയുന്നത്. കൊച്ചി നഗരം കഴിഞ്ഞാൽ അവിടെയൊന്നും ചതുപ്പുകളില്ലായെന്ന് നമുക്കറിയാം. വ്യവസായിക മഹാനഗരമായി മാറുന്ന കൊച്ചിപോലെയുള്ള സ്ഥലങ്ങളിൽ ഫെയർ വാല്യൂ, ഞാൻ ഇത് പറയുന്നതിന്റെ അർത്ഥം കേരളം മുഴുവൻ ഫെയർ വാല്യു പുതുക്കി നിശ്ചയിച്ച് ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കണമെന്നല്ല. കൊച്ചിപോലെയുള്ള നഗരങ്ങളിൽ കാണുന്ന ഗാർഡൻ ലാൻഡ് എന്ന പേരിൽ സ്ഥലങ്ങൾ എടുക്കുകയും കുറഞ്ഞ ചെലവിൽ അതിനെ രജിസ്റ്റർ ചെയ്തതിനുശേഷം മണ്ണിട്ട് നികത്തി കൺവെർട്ട് ചെയ്യുന്ന ക്രമക്കേട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്മേൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച പരാതികളൊന്നും വകുപ്പിന്റെ മുമ്പിൽ ഇതുവരെയും വന്നിട്ടില്ല. അങ്ങ് സൂചിപ്പിച്ച കാര്യം ഗൗരവമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കും.

ശ്രീ. തോമസ് കെ. തോമസ്: സർ, വകുപ്പിന്റെ നല്ല പ്രവർത്തനത്തെ പൂർണ്ണമായും അംഗീകരിക്കുന്നു. താലൂക്കുതല അദാലത്തുകൾ ആറ്

മാസത്തിലൊരിക്കൽ ചേർന്ന് പൂർണ്ണമായും ഈ വിഷയം പരിഹരിക്കുന്നതിന് പ്രത്യേകമായും എന്റെ നിയോജകമണ്ഡലമായ കുട്ടനാട് പ്രദേശങ്ങളിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്നതാണ് ചോദ്യം.

ശ്രീ. വി. എൻ. വാസവൻ: സർ, സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടില്ല. ഇപ്പോൾ കൂടുതൽ ഫയലുകൾ പെൻഡിംഗിലില്ല. കാരണം ഇപ്പോൾ പലതിനും ഓൺലൈൻ സംവിധാനവും ഇ-സ്റ്റാമ്പിംഗും വന്നു. രജിസ്ട്രേഷനും ബാധ്യതാ സർട്ടിഫിക്കറ്റും ഓൺലൈനായി, കറപ്ഷൻ ഒഴിവായി. ഇനിയിപ്പോൾ നടപ്പിലാക്കാൻ പോകുന്ന പുതിയൊരു കാര്യം കൂടിയുണ്ട്. ആധാരം രജിസ്റ്റർ ചെയ്യുന്ന ദിവസം തന്നെ പോക്കുവരവ് ചെയ്ത് ലഭിക്കാൻ വേണ്ടി റവന്യൂ വകുപ്പുമായി ചേർന്ന് "എന്റെ ഭൂമി" എന്ന പോർട്ടൽ നടപ്പിലാക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. മാത്യു ടി. തോമസ്): സർ, നമ്മുടെ നാട്ടിലെ ക്രയവിക്രയങ്ങൾ ഗണ്യമായി കുറഞ്ഞതിനാൽ ഡിജിറ്റൽ തലത്തിലേയ്ക്ക്/ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുന്നതോടുകൂടി സബ്‌രജിസ്ട്രാർ ഓഫീസുകളിലെ

ജോലി ഭാരം ഗണ്യമായി കുറയുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതേസമയം മറ്റുസേവനങ്ങൾ കുടികിടപ്പ് ബാധ്യതാ സർട്ടിഫിക്കറ്റ്, അടയാളസഹിതം പകർപ്പ് എന്നിവ ലഭിക്കുന്നതിനുള്ള കാലതാമസം വർദ്ധിച്ചുവരികയാണ്. സേവനാവകാശ നിയമപ്രകാരമോ അല്ലാതെയോ ഈ സേവനങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതിന് ഒരു സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; അങ്ങനെ നിശ്ചയിക്കപ്പെട്ടിട്ടില്ലെങ്കിൽ ഒരു സമയപരിധി നിശ്ചയിച്ച് ആ സമയപരിധി ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതിനുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. വി. എൻ. വാസവൻ: സർ, ആ ലക്ഷ്യം പൂർണ്ണതയിലെത്തുന്നതിനുവേണ്ടി അങ്ങ് സൂചിപ്പിച്ച കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. പി. മോഹനൻ: സർ, ഭൂമി കൈമാറ്റം, സ്വത്ത് കൈമാറ്റം എന്നിവയൊക്കെത്തന്നെ ഇപ്പോൾ രജിസ്ട്രാർ ഓഫീസുകൾ മുഖാന്തരം നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായും നവീകരണത്തിന്റെ ഭാഗമായും അങ്ങ് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

നവീകരിക്കുമ്പോൾ പതിനായിരക്കണക്കിന് ആളുകൾ, രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുകൊണ്ട് ആധാരമെഴുത്തുകാർ കേരളത്തിലുണ്ട്. അവരുടെ ജീവിതം പാഴായി പോകുമെന്നാണ് അവരെല്ലാം പറയുന്നത്. അതിനാൽ ആധാരമെഴുത്തുകാർക്ക് എന്തെല്ലാം സഹായങ്ങൾ ചെയ്യാനാണ് അങ്ങ് ഉദ്ദേശിക്കുന്നത്; അവരെ സംരക്ഷിക്കുന്ന ചുമതലകൂടി ഏറ്റെടുക്കുമോയെന്നാണ് ചോദ്യം.

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങ് ഉന്നയിച്ച ചോദ്യത്തിന് ആമുഖത്തിൽത്തന്നെ വ്യക്തമായ ഉത്തരം നൽകിയിട്ടുണ്ട്. ആധാരമെഴുത്ത് സംഘടനക്കാരുമായി സർക്കാർ ചർച്ച ചെയ്ത് അവരുടെ തൊഴിലിനെ സംരക്ഷിച്ചുകൊണ്ടാണ് നിലവിൽ ആധുനികവത്കരണങ്ങളെല്ലാം വകുപ്പിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ആധുനികവത്കരണം അനിവാര്യമാണ്. മറ്റെല്ലാ വകുപ്പുകളും ആധുനികവത്കരണം നടത്തുമ്പോൾ നമുക്ക് പുറംതിരിഞ്ഞ് നിൽക്കാൻ സാധിക്കില്ല. ഇപ്പോൾ ഒട്ടേറെ കാര്യങ്ങൾ വളരെ വേഗത്തിൽ ആളുകൾക്ക് നടപ്പിലാക്കി കിട്ടുന്നുണ്ട്. അതിനാൽ ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടം വരുന്ന/തൊഴിൽ

നഷ്ടപ്പെടുത്തികൊണ്ടല്ല ആധുനികവത്കരണം നടത്തുന്നത്. അവരെ സംരക്ഷിച്ചുകൊണ്ടാണ് ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നത്.

## വ്യവസായ നയം 2023

5 (*185) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നയം 2023 ന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കേരളത്തെ വ്യവസായങ്ങളുടെ പ്രധാന ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ വ്യവസായ നയം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ചും നവീന ആശയങ്ങൾ വളർത്തിയും സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ വ്യവസായ നയം 2023 മുന്നോട്ടുവയ്ക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വ്യവസായ വിപ്ലവം 4.0 ഇന്ത്യയിൽ നടപ്പിലാക്കാൻ അനുയോജ്യമായ സ്ഥലം കേരളമാണ് എന്നത് കണക്കിലെടുത്ത് സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) വ്യവസായ വിപ്ലവം 4.0 ന്റെ ഭാഗമായി വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിനായി നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ചെലവാക്കുന്ന തുകയുടെ നിശ്ചിത ശതമാനം തിരികെ നൽകുന്നതിനുള്ള പദ്ധതി വ്യവസായ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) ഉണ്ട്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി, സംസ്ഥാനത്തിന്റെ സാധ്യതകളും പരിമിതികളും തിരിച്ചറിഞ്ഞുകൊണ്ടും ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച്, യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കിയ കേരള

വ്യവസായ നയം, 2023 അംഗീകരിച്ച് 01-04-2023-ലെ സ.ഉ (കൈ) നം. 28/2023/ID നമ്പർ ഉത്തരവുപ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) പരിസ്ഥിതി-സാമൂഹികം-ഭരണം അഥവാ ഇ.എസ്.ജി. തത്ത്വങ്ങളിലൂന്നിയ നിക്ഷേപങ്ങൾക്കുള്ള ഹബ്ബായി കേരളത്തെ മാറ്റുകയെന്നത് പുതിയ വ്യവസായ നയത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇ.എസ്.ജി. നിക്ഷേപങ്ങളുടെ പ്രാധാന്യം തിരിച്ചറിയുകയും അതിലധിഷ്ഠിതമായ ഉത്തരവാദിത്തനിക്ഷേപങ്ങളെ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഇ.എസ്.ജി. റേറ്റിംഗിനെ അടിസ്ഥാനമാക്കിയുള്ള നവീകരണവും ഹരിത വളർച്ചയും ആവിഷ്കരിക്കുന്നതിന് പ്രകടനത്തെ അടിസ്ഥാനമാക്കി വായ്പകളും പ്രോത്സാഹനങ്ങളും പുതിയ വ്യവസായ നയം വിഭാവനം ചെയ്യുന്നു. സുസ്ഥിരവ്യവസായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സംരംഭകർക്കുവേണ്ടി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കാനും നയം ലക്ഷ്യമിടുന്നു.

(സി) ഉണ്ട്. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും നവീന ആശയങ്ങൾ വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം

സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്ത നിക്ഷേപങ്ങളെയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിലേയ്ക്കുള്ള പരിവർത്തനത്തിന് പ്രാപ്തരാക്കുക, ഉൽപ്പന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവ പുതിയ വ്യവസായ നയത്തിൽ ലക്ഷ്യമിട്ടിരിക്കുന്നു.

(ഡി) ഉണ്ട്. അതിവേഗ വളർച്ചയുള്ള 'സൺറൈസ്' സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടാണ് പുതിയ വ്യവസായ നയത്തിൽ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. അപ്രകാരം,

'സൺറൈസ്'/ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്ക് വിഭാവനം ചെയ്തിരിക്കുന്ന സാമ്പത്തിക പ്രോത്സാഹനങ്ങൾ ഇവയാണ്;

1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് (4%) വായ്പകൾ ലഭ്യമാക്കൽ (പലിശ സബ് വെൻഷനിലൂടെ).

2. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂലധന സബ്സിഡി ഇൻസെന്റീവ്.

3. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് 5 വർഷത്തേയ്ക്ക് 100% വൈദ്യുതി ഡ്യൂട്ടി ഒഴിവാക്കൽ.

4. എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് പരമ്പരാഗത രീതിയിലുള്ള ധനസമാഹരണത്തിന് പുറമെ ഓഹരി വിപണനത്തിലൂടെ ധനസമാഹരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, അത്തരം നടപടിക്രമങ്ങൾക്ക് ചെലവാകുന്ന തുകയുടെ 50% തുക, പരമാവധി 1 കോടി രൂപയിൽ കവിയാതെ തിരികെ നൽകൽ.

5. വൻകിട, മെഗാ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% നിക്ഷേപ സബ്സിഡി (പരമാവധി 10 കോടി രൂപവരെ) ഘട്ടം ഘട്ടമായി അനുവദിക്കുക.

6. വൻകിട, മെഗാ സംരംഭങ്ങൾക്ക് 5 വർഷത്തേയ്ക്ക് മൂലധന നിക്ഷേപത്തിന് 100% സംസ്ഥാന ജി.എസ്.ടി. റീ-ഇംബേഴ്സ്മെന്റ്.

7. വൻകിട, മെഗാ സംരംഭങ്ങൾക്ക് തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം.

8. സർക്കാർ വ്യവസായ പാർക്കുകളിലും, അംഗീകൃത സ്വകാര്യ വ്യവസായ പാർക്കുകളിലും നിർമ്മാണ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കൽ.

9. സ്ത്രീ സംരംഭകർക്കും, പട്ടികജാതി/പട്ടികവിഭാഗത്തിലുള്ള സംരംഭകർക്കും സംസ്ഥാനത്തിന്റെ ഏതുഭാഗത്തും നിർമ്മാണ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള ശിപാർശ.

10 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ ധനസഹായം.

11. എല്ലാ വിഭാഗം സംരംഭങ്ങൾക്കും വ്യാപാരമേളകളിൽ പങ്കെടുക്കുന്നതിനും ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിനും ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിനും സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായ വൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ.

12. ഉത്പാദനമേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്കുള്ള പ്രോത്സാഹനം.

13. സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ഗവേഷണവികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്കായി ഗവേഷണവികസന പ്രോത്സാഹനം.

14. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.ഐ.ഡി.സി.- യിലൂടെ ഒരു കോടി രൂപവരെയുള്ള സ്കെയിൽഅപ്പ് വായ്പകൾ ലഭ്യമാക്കൽ.

15. 'മെയ്ഡ് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവായ തുകയുടെ 50% റീ-ഇംബേഴ്സ്മെന്റ് നൽകൽ.

16. PLI നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ്.

(ഇ) 2023-ലെ കേരളാ വ്യവസായ നയത്തിൽ ഉൾപ്പെട്ടിട്ടുള്ള 22 മുൻഗണന മേഖലകളിൽ ഒന്നാണ് നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റു

ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ എന്നിവ ഉൾപ്പെടുന്ന മേഖല. ഉൽപ്പാദന സംവിധാനങ്ങളേയും സമ്പദ്‌വ്യവസ്ഥകളെയും കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് ഈ മേഖലയ്ക്ക് കഴിവുണ്ട്. വ്യവസായങ്ങൾ ഭാഗികമോ പൂർണ്ണമോ ആയ ഓട്ടോമേഷനിലേയ്ക്ക് നീങ്ങുന്ന ഈ കാലഘട്ടത്തിൽ ഈ മേഖലയ്ക്ക് നിർണ്ണായക പങ്കുവഹിക്കാൻ കഴിയുന്നതാണ്. 2023 -ലെ വ്യവസായ നയത്തിൽ ഉത്പാദനമേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്കുള്ള പ്രോത്സാഹനമായി സോഫ്റ്റ്‌വെയർ (ബിഗ് ഡാറ്റ അനലിറ്റിക്ക് ടൂൾസ്), മഷീനറി മുതലായവയുടെ വിലയുടെ 20% റീ-ഇംബെഴ്സ്മെന്റ് പരമാവധി 25 ലക്ഷം രൂപ വരെ നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, ചെറുകിട വ്യവസായ സംരംഭങ്ങളുടെ കാര്യത്തിൽ വലിയ മുന്നേറ്റമാണ് കേരളത്തിൽ കാണാൻ സാധിച്ചത്. ഒരു ലക്ഷം ടാർജറ്റ് ചെയ്ത സ്ഥാനത്ത് ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടായി; എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു; കൂടുതൽ ചെറുകിട വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത്

ആരംഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വ്യവസായ വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, പൊതുവെ എല്ലാവരുടെയും സഹകരണത്തോടുകൂടി ഒരു ലക്ഷം സംരംഭം നല്ല രീതിയിൽ വിജയിപ്പിക്കാൻ സാധിച്ചു. ഒരുലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി അഞ്ഞൂറോളം പുതിയ സംരംഭങ്ങൾ ആരംഭിച്ചു. 8,500 കോടി രൂപയിലധികം നിക്ഷേപം വരികയും 3 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി പല അഭിപ്രായങ്ങൾ വരികയും അവയെയെല്ലാം കണക്കിലെടുത്തുകൊണ്ട് ഇപ്പോൾ ഈ സ്ഥാപനങ്ങളെല്ലാംതന്നെ എക്സിക്യൂട്ടീവ് ജിയോ ടാഗിംഗ് നടത്തികൊണ്ട് ഓരോന്നും സർവ്വേ നടത്തികൊണ്ടിരിക്കുന്നു. ആദ്യത്തെ വർഷംതന്നെ 30% പൂട്ടാനിടയുണ്ടെന്നതാണ് ഇന്ത്യയിലെ ശരാശരി. അത് പരമാവധി കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. അതിനുവേണ്ടി ഓരോ സ്ഥാപനവും സന്ദർശിക്കുകയും ഏതെങ്കിലും പ്രശ്നങ്ങൾ അവർ അഭിമുഖീകരിക്കുന്നുണ്ടോയെന്ന് നോക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ, എല്ലാ ജില്ലകളിലും എം.എസ്.എം.ഇ.

ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടെക്നിക്കൽ, മാനേജ്മെന്റ്, മാർക്കറ്റിംഗ്, ഫിനാഷ്യൽ എന്നിവയിൽ ഏതെങ്കിലും തരത്തിലുള്ള പ്രശനം ശ്രദ്ധയിൽപ്പെട്ടാൽ ആ പ്രശ്നം പരിഹരിക്കുന്നതിന് ക്ലിനിക്കുകളുടെ സഹായം തേടാം. ചാർട്ടേർഡ് അക്കൗണ്ടന്റൻസിന്റെ സംഘടന ആദ്യത്തെ ഒരുവർഷം ഫിനാഷ്യൽ റിട്ടേൺസും ജി.എസ്.ടി. സ്റ്റേറ്റ്മെന്റുമെല്ലാം തയ്യാറാക്കുന്നത് സംബന്ധിച്ച സൗജന്യമായ സേവനം ഇവർക്ക് നൽകാമെന്ന എം.ഒ.യു. വ്യവസായ വകുപ്പുമായി ഒപ്പുവച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആഴ്ചയിൽ ഒരു ദിവസം ജില്ലാ കേന്ദ്രങ്ങളിൽ അവരുടെ സേവനം ലഭ്യമാണ്. അതിനാൽ നല്ല രീതിയിലുള്ള ഇക്കോ സിസ്റ്റം ശക്തിപ്പെടുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ വർഷവും അത് തുടരുന്നതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്നൊരു മേഖലയാണ് പരമ്പരാഗത വ്യവസായ മേഖല. കൊല്ലത്തുതന്നെ കശുവണ്ടി വ്യവസായം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതുപോലെയാണ് കയർ, കൈത്തറി എന്നിവ. ധാരാളം പ്രതിസന്ധികൾ ഈ മേഖല നേരിടുകയാണ്. ആധുനിക

വൽക്കരണമടക്കം നടപ്പാക്കിക്കൊണ്ട് പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുവാനും അവിടെ പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുവാനും ആവശ്യമായിട്ടുള്ള എന്തെല്ലാം കാര്യങ്ങളാണ് ഗവൺമെന്റ് നടത്തുവാനുദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, കൊല്ലം ജില്ലയുടെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ ഘടനയിലാകെ സ്വാധീനം ചെലുത്തുന്നയൊന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയതുപോലെ കശുവണ്ടി രംഗമെന്നുള്ളത്. പൊതുവെ വലിയ പ്രതിസന്ധി ആ രംഗം നേരിടുന്നുണ്ട്. അതിന്റെ ഭാഗമായി കഴിഞ്ഞ കുറേ വർഷമായി നിരവധി സ്വകാര്യ കശുവണ്ടി കമ്പനികൾ എൻ.പി.ഐ ആകുകയും അടച്ചു പൂട്ടലിനെ നേരിടുകയായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എസ്.എൽ.ബി.സി. യുമായി ചർച്ച നടത്തുകയും അതിന്റെ തുടർച്ചയിൽ ഈ ഗവൺമെന്റ് അവരുമായി ചർച്ച നടത്തി എൻ.പി.ഐ ആയിട്ടുള്ള ബാങ്കുകൾക്ക് പ്രത്യേക പാക്കേജ് കൊണ്ടുവരികയുണ്ടായി. 2021 മാർച്ച് 31 വരെ എൻ.പി.ഐ ആയ എല്ലാ അക്കൗണ്ടുകൾക്കും രണ്ട് കോടി രൂപ വരെയാണെങ്കിൽ അതിന്റെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളി

പ്രിൻസിപ്പൽ എമൗണ്ടിന്റെ 50 ശതമാനം മാത്രം അടച്ചാൽ മതി. രണ്ട് കോടി രൂപക്ക് മുകളിലുള്ളതാണെങ്കിൽ പലിശയും പിഴപ്പലിശയും എഴുതിത്തള്ളി പ്രിൻസിപ്പൽ എമൗണ്ടിന്റെ 60 ശതമാനം അടച്ചാൽ മതിയെന്നുള്ളത് നടപ്പിലാക്കിയിട്ടുണ്ട്. ഇത് നല്ല രീതിയിൽ ആ മേഖലയിൽ ആശ്വാസം പകർന്ന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട ധനാകര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ ഒരു പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. സ്വകാര്യ വ്യവസായ മേഖലയിൽ ആദ്യമായി തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. ഇങ്ങനെയുള്ള സ്റ്റാറ്റ്യൂട്ടറി ആയിട്ടുള്ള കാര്യങ്ങളിൽ മാനേജ്മെന്റ് നൽകേണ്ട കോൺട്രിബ്യൂഷന്റെ പ്രധാന ഭാഗം ഗവൺമെന്റ് അടയ്ക്കാനുള്ളൊരു തീരുമാനമെടുക്കുകയും അതിന് 20 കോടി രൂപ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ കശുവണ്ടിയുടെ ഷെല്ലിങ് മേഖലയിൽ ആധുനിക വൽക്കരണത്തിന് സ്വാകര്യ വ്യവസായ ശാലകൾക്ക് 5 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇതുകൂടാതെ ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ കശുവണ്ടി മേഖലയിൽ കൂടുതലും സ്ത്രീകളാണ് ജോലി ചെയ്യുന്നത്. ആ സ്ത്രീ തൊഴിലാളികൾക്ക് സ്ത്രീ സൗഹാർദ്ദ തൊഴിലിടം രൂപപ്പെടുത്താനായി സ്വകാര്യ സ്ഥാപനങ്ങൾ മുൻകൈയെടുത്ത്

നടത്തുന്ന പ്രവർത്തനങ്ങൾക്ക് 5 കോടി രൂപ ഗവൺമെന്റ് നൽകുന്നുണ്ട്. ഇതുകൂടാതെ 7 കോടി രൂപയുടെ പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ആ പാക്കേജിന്റെ അടിസ്ഥാനത്തിൽ വർക്കിങ്ങ് ക്യാപ്പിറ്റൽ ക്രൈസിസ് നേരിടുന്ന സ്വകാര്യ വ്യവസായ ശാലകൾ എടുത്ത വായ്പയുടെ ഇന്ററസ്റ്റിന്റെ 50 ശതമാനം, പത്ത് ലക്ഷം രൂപ വരെ, സ്വകാര്യ കമ്പനികൾക്ക് നൽകാനുള്ള തീരുമാനമെടുത്തു. അത് ഏകദേശം വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെതന്നെ മോഡണൈസേഷനുവേണ്ടി സ്വകാര്യ വ്യവസായശാലകൾക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് ആവശ്യമായിട്ട് വരികയാണെങ്കിൽ ആ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ ഒരു ഭാഗം, 40 ലക്ഷം രൂപ വരെ, ക്യാപ്പിറ്റൽ ഇൻസെന്റീവായി നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായാണ് ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാൻ തൊഴിലാളികളോടൊപ്പം തന്നെ മാനേജ്മെന്റ് അടയ്ക്കേണ്ട വിഹിതമുൾപ്പെടെ സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. അതിനെത്തുടർന്ന് അടച്ചുപൂട്ടപ്പെട്ട കമ്പനികൾ തുറക്കാൻ തുടങ്ങിയിട്ടുണ്ട്. ഇന്നലെ നമ്മൾ ചർച്ച ചെയ്ത സാമ്പത്തിക പ്രതിസന്ധിയുടെ എല്ലാ പശ്ചാത്തലത്തിലും കശുവണ്ടി ബോർഡിന് കശുവണ്ടിയിറക്കുമതി

ചെയ്യുന്നതിന് 43 കോടി രൂപ അനുവദിക്കുകയും ചെയ്തു. ബില്ലുകളൊന്നും പാസ്സാകുന്നില്ലെന്ന് പറഞ്ഞിരുന്ന സാഹചര്യത്തിൽ തന്നെ ആ തുക പൂർണ്ണമായും നൽകിക്കൊണ്ട് കശുവണ്ടിയെത്തുകയും കശുവണ്ടി കോർപ്പറേഷനിലും ക്യാപെക്സിലും അതുപയോഗിച്ചുകൊണ്ടുള്ള വർക്കുകൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടെന്നും സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, മുൻകാലങ്ങളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള പ്രധാന തടസ്സം ലൈസൻസുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. ഇതെല്ലാം ഇപ്പോൾ ഭംഗിയായി പരിഹരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ പ്രത്യേകിച്ച് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ കൊളാട്ടറൽ സെക്യൂരിറ്റിയില്ലാതെ തന്നെ ബാങ്കുകൾക്ക് ലോൺ കൊടുക്കാൻ കഴിയുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ബാങ്കുകൾ വലിയ വിമുഖത കാണിക്കുകയാണ്. പലപ്പോഴും ലോൺ നിഷേധിക്കുകയും ചെയ്യുന്നു. ഇതിന് പരിഹാരമുണ്ടാക്കാൻ സർക്കാരിന്റെ ഇടപെടൽ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബാങ്കുകളുടെ സമീപനത്തെക്കുറിച്ച് നേരത്തെ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. എന്നാൽ പൊതുവെ അതിനകത്ത് മാറ്റം വരുന്നുണ്ട്. എസ്.എൽ.ബി.സി. യോഗങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ കേരളത്തിന്റെ സി.ഡി. റേഷ്യോയിൽ വരുത്തേണ്ട വർദ്ധനവിനെക്കുറിച്ച് പലഘട്ടത്തിലും സൂചിപ്പിക്കുകയുണ്ടായി. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ബാങ്കുകളുടെ ഏറ്റവും ഉയർന്ന മേധാവികളുമായുള്ള യോഗം ചേരുകയുണ്ടായി. എസ്.എൽ.ബി.സി. കാനറ ബാങ്കാണ് നമ്മുടെ സ്റ്റേറ്റിന്റെ ലീഡ് ബാങ്കായിട്ടുള്ളത്. അവരുടെ നേതൃത്വത്തിൽ ആ യോഗം ഇത്തരത്തിൽ എന്തെല്ലാം പ്രതിസന്ധികൾ നേരിടുന്നുണ്ടെന്നും അത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ച കശുവണ്ടി മേഖലയിൽ ഇപ്പോഴുണ്ടാക്കിയ പാക്കേജ് തന്നെ ബാങ്കുൾ സ്വീകരിച്ച പൊതു സമീപനത്തിന്റെ ഭാഗമായി വന്നതാണ്. എന്നാൽ കേരളത്തിന്റേതാണെന്ന് പൊതുവെ നമ്മൾ കരുതുന്ന ചില ബാങ്കുകളുടെ സമീപനം ഇപ്പോഴും സി.ഡി. റേഷ്യോയിൽ 40-ഉം 36 ആയിട്ടാണ് നിൽക്കുന്നത്. അതോടൊപ്പം തന്നെ ബഹുമാനപ്പെട്ട

പി. എസ്. സുപാൽ ഉന്നയിച്ച ചോദ്യത്തോട് പ്രതികരിച്ചുകൊണ്ട് സൂചിപ്പിച്ച നമ്മുടെ സർവ്വേയിൽ ഈ സ്ഥാപനങ്ങൾ നേരിടുന്ന ക്രൈസിസിൽ ബാങ്കിന്റെ ലോൺ നമ്മൾ ഉദ്ദേശിക്കുന്ന അളവിൽ എടുത്തിട്ടില്ല. നമ്മൾ 4 ശതമാനം പലിശയിൽ സബ്‌വെൻഷൻ സ്കീം പ്രകാരം ലോൺ കൊടുക്കുന്നുണ്ടെങ്കിലും അതെടുക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. എന്തുകൊണ്ട് ബാങ്കുകളെ സമീപിക്കുന്നില്ല. എന്നാൽ മറ്റ് സ്വകാര്യ ഫിനാൻഷ്യൽ സ്ഥാപനങ്ങളെ സമീപിക്കുന്നുണ്ടോ; മറ്റ് കാരണങ്ങൾ എന്തൊക്കെയാണ്? സർവ്വേയുടെ ഭാഗമായി അക്കാര്യങ്ങൾകൂടി പരിശോധിക്കുന്നുണ്ട്. എസ്.എൽ.ബി.സി പൊതുവെ നല്ല സമീപനമാണ് സ്വീകരിക്കുന്നതെങ്കിലും താഴെ തലങ്ങളിലേക്ക്, ബ്രാഞ്ചുകളിലേക്ക് സമീപനമെത്തുന്നില്ലെന്നുള്ളത് പ്രസക്തമായ വിമർശനമാണ്. അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് തുടർന്നും ശ്രമിക്കും.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് മാലിന്യ സംസ്കരണം. ഇന്ന് തദ്ദേശ വകുപ്പിന്റെ നേതൃത്വത്തിൽ വളരെ നന്നായി ആ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നമുക്കെല്ലാവർക്കുമറിയാം സ്ക്രാപ്പ്, ഇ-വേസ്റ്റ് അടക്കമുള്ളകാര്യങ്ങൾ

കേരളത്തിൽ നിന്നെടുത്ത് മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നുണ്ട്. പട്ടാമ്പി കേന്ദ്രീകരിച്ച് അത്തരത്തിലുള്ള വലിയ ബിസിനസ്സുകൾ നടക്കുന്നുണ്ട്. ഈ മാലിന്യ സംസ്കരണ മേഖലയിൽ പ്രത്യേകിച്ച് റീ-സൈക്കിൾ ചെയ്യാനും റീ-യൂസ് ചെയ്യാനും പല വാല്യൂ ആഡഡ് പോഡക്ടുകളുണ്ടാക്കാൻ ഡൽഹിയിലും അതുപോലെ കോയമ്പത്തൂരിലും മറ്റ് സ്ഥലങ്ങളിലേക്ക് ഇവിടെ നിന്ന് കയറ്റി അയച്ച് അവിടെ നിന്നും പ്രോഡക്ടുകളായി തിരിച്ച് വരികയാണ് ചെയ്യുന്നത്. ശരിക്കും ഈ മേഖലയിൽ അവരെ പ്രോത്സാഹിപ്പിക്കാനുള്ള പ്രത്യേക പദ്ധതി ആവിഷ്കരിച്ച് പ്രത്യേകമായ വ്യവസായ പാർക്കുകളുണ്ടാക്കുകയും അവരെ സപ്പോർട്ട് ചെയ്യുകയും ചെയ്താൽ മാലിന്യ സംസ്കരണവും നടക്കും അവർക്ക് സാമ്പത്തികമായി വരുമാനവും ലഭിക്കും. ആ മേഖലയിൽ പ്രത്യേക പ്രോത്സാഹനം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടത്തുമോയെന്നാണ് എന്റെ ചോദ്യം?

ശ്രീ. പി. രാജീവ്: സർ, വളരെ പ്രസക്തമായൊരു ചോദ്യമാണ്. യഥാർത്ഥത്തിൽ വേസ്റ്റ് മാനേജ്മെന്റിന്റെ രീതിയിൽ നമ്മുടെ വ്യവസായ നയത്തിലും ഈ മേഖലയെ പ്രയോറിറ്റി സെക്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആധുനികമായ രീതികൾ വേറെ സാമൂഹികമായ പ്രശ്നങ്ങളും പാരിസ്ഥിതികമായ പ്രശ്നങ്ങളുമില്ലാതെ നാടിനാകെ ഗുണകരമായിട്ടുള്ള ധാരാളം ആധുനിക രീതികൾ സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പിലാക്കാൻ കഴിയുന്നുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മുൻകൈ എടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൽഘാടനം ചെയ്ത കൊച്ചിയിലെ കോൺക്ലേവിൽ ഈ പ്രശ്നം പ്രത്യേകം ചർച്ച ചെയ്തിരുന്നു. ആ കോൺക്ലേവിൽ മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനങ്ങളിലൊന്നുതന്നെ ഇതിനുവേണ്ടി പ്രത്യേകമായൊരു റീ-സൈക്ളിംഗ് പാർക്ക് കേരളത്തിലാരംഭിക്കുമെന്നുള്ളതാണ്. വ്യവസായ വകുപ്പും അതിനാവശ്യമായ എല്ലാ പിന്തുണയും നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭകത്വ വ്യവസായങ്ങൾക്ക് പൊതുവിൽ ചില തടസ്സങ്ങളുള്ളത് പരിഹരിക്കുന്നതിനുവേണ്ടി റവന്യൂ, കൃഷി, വ്യവസായ വകുപ്പ്, ലീഡ് ബാങ്ക് എന്നിവ സംയുക്തമായി മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്ന് അതത് പ്രദേശങ്ങളിലെ പ്രാദേശിക പഞ്ചായത്തുകളിലേയും

മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും സ്ഥിതിഗതികൾ വിലയിരുത്തി തടസ്സങ്ങൾ നീക്കുന്നതിനു വേണ്ട നടപടികളെടുക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഇന്നലെ ചർച്ചയ്ക്കിടയിൽ ചോദ്യോത്തരവേളയിൽത്തന്നെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മറുപടി നൽകിയ സന്ദർഭത്തിൽ ഞാനും അതിനകത്ത് ഇടപെട്ട് സൂചിപ്പിക്കുകയാണുണ്ടായി. പരാതി പരിഹാരത്തിന് നമ്മൾ ഒരു സ്റ്റാറ്റ്യൂട്ട് സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങളുടെ പദ്ധതിയുടെ ഭാഗമായിതന്നെ ജില്ലാതല സമിതിയുണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർമാൻ ഇവരുടെ നേതൃത്വത്തിൽ സമിതിയുണ്ട്. യഥാർത്ഥത്തിൽ ഞങ്ങളുടെ അദാലത്തിലെല്ലാം വരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നൽകുന്നതുമായി ബന്ധപ്പെട്ടുതന്നെയാണ്. അത് സ്റ്റാറ്റ്യൂട്ടറി സംവിധാനം വഴി പരിഹരിക്കാമെന്നതോടൊപ്പം തന്നെ പൊതുവെ പഞ്ചായത്തിനും ഒരു കാഴ്ചപ്പാടുണ്ടാകേണ്ടതുണ്ട്. നമ്മൾ റോഡുണ്ടാക്കുന്നുണ്ടോ, പാലമുണ്ടാക്കുന്നുണ്ടോ മറ്റ് പദ്ധതികളെല്ലാം ഓരോരുത്തരെയും

ഭരണത്തെയും വാർഡ് അംഗങ്ങളെയും വിലയിരുത്താനുള്ളൊരു ഘടകം പോലെ തന്നെ ആ പഞ്ചായത്തിൽ എത്ര തൊഴിലവസരങ്ങളുണ്ടാക്കി, എത്ര വ്യവസായമുണ്ടാക്കാൻ കഴിഞ്ഞു, അതിനെത്രമാത്രം പങ്ക്‌വഹിച്ചു എന്നതെല്ലാം വിലയിരുത്തേണ്ടൊരു അടിസ്ഥാനമായി മാറുമ്പോഴാണ് നല്ല മാറ്റമുണ്ടാകുന്നത്. ഇപ്പോഴത്തെ സ്ഥിതി, വരാൻ പോകുന്നതിനെ എതിരെ വരുന്നതിനൊപ്പം നിൽക്കുന്നുണ്ടോ, ഒരാൾ അപ്പുറത്ത് കൂടെക്കൂടിയാൽ ഇപ്പുറത്തും കൂടെ കൂടിയില്ലെങ്കിൽ ഉള്ളവോട്ട് പോകുമോ ഇങ്ങനെയുള്ള ആശങ്കകൾ പലയിടങ്ങളിലും നിലനിൽക്കുന്നുണ്ട്. അതിൽ നിന്നും മാറി എത്ര സംരംഭങ്ങൾ തുടങ്ങാനും, എത്ര തൊഴിലുണ്ടാക്കാനും കഴിയുന്നുവെന്നത് തെരഞ്ഞെടുക്കലിന്റെ മാനദണ്ഡമായി ജനങ്ങളും കരുതുന്ന രൂപത്തിലേക്ക് മാറുമ്പോൾ കേരളത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയും. എന്തായാലും നല്ല മാറ്റം വന്നിട്ടുണ്ടെന്നതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ 139000 സംരഭങ്ങളുണ്ടാക്കാൻ കഴിഞ്ഞത് സൂചിപ്പിക്കുന്നത്. എന്നാൽ നന്നായിത്തന്നെ മാറ്റം വരേണ്ടതുണ്ട്. അതിനകത്ത് ഈ പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ നമുക്ക് ശ്രമിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഒരു കാര്യം കൂടി കൂട്ടിച്ചേർക്കാനുള്ളത് തദ്ദേശ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൂന്ന് തലത്തിൽ സ്ഥിരം അദാലത്തുകൾ ആരംഭിച്ചിട്ടുണ്ട്. ഒന്ന് ഉപജില്ലാ തലത്തിലാണ്; സംരംഭങ്ങൾ ഉൾപ്പെടെയുള്ള പരാതികൾ പത്ത് ദിവസം കൂടുമ്പോൾ പരിശോധിക്കും. അങ്ങനെ പരിശോധിക്കുന്നവ തൊട്ടടുത്ത യോഗത്തിൽ തീർപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ 15 ദിവസം കൂടുമ്പോൾ സ്ഥിരം അദാലത്തുകൾ ചേരും. പ്രതിമാസം പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ സ്ഥിരം അദാലത്തുണ്ട്. പക്ഷേ, വേണ്ടത്ര പ്രചാരണം ഇതിന് ഇനിയും കിട്ടിയിട്ടില്ല. അതുകൊണ്ടുതന്നെ വേണ്ടത്ര പരാതികൾ അവിടേക്ക് വരുന്നില്ലെന്നതാണ് പ്രശ്നം. പരാതികൾ പലപ്പോഴും പുറത്താണ് വരുന്നത്. അക്കാര്യം കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേന്ദ്ര നയത്തിന്റെ പ്രതികൂലാവസ്ഥയിൽ കേരളം വ്യവസായ മേഖലയിൽ വലിയ വളർച്ച കൈവരിച്ചുവരികയാണ്. ഈ വളർച്ച കേരളത്തിന്റെ സമസ്ത മേഖലകളിലും ബാധകമാക്കുന്നതിനുള്ള മുൻകൈ ഇനിയും ശക്തിപ്പെടേണ്ടതുണ്ട്.

കേരളത്തിലെ തോട്ടം മേഖല വലിയ തോതിലുള്ള പ്രയാസങ്ങൾ നേരിടുകയാണ്. പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ രൂപീകരണം, തൊഴിലാളികളിലും ഉടമകളിലും വലിയ തോതിലുള്ള പ്രതീക്ഷയാണ് സൃഷ്ടിച്ചിട്ടുള്ളത്. വ്യത്യസ്ത വകുപ്പുകളുടെ കീഴിലാണ് തോട്ടം മേഖലയിലെ പല പ്രശ്നങ്ങളും മുന്നോട്ടുപോകുന്നത്. പ്ലാന്റേഷൻ കോർപ്പറേഷൻ, ഫാമിംഗ് കോർപ്പറേഷൻ എന്നിവയെല്ലാം കൃഷിവകുപ്പിന്റെ കീഴിലാണ് വരുന്നത്. ലേബർ മെഷേഴ്സ് കൈകാര്യം ചെയ്യുന്നത് തൊഴിൽ വകുപ്പാണ്. ഈ സാഹചര്യങ്ങൾ പരിഗണിച്ച് വ്യവസായ വകുപ്പ് മുൻകൈയ്യെടുത്ത് കൃഷി വകുപ്പിനെയും തൊഴിൽ വകുപ്പിനെയും സംയോജിപ്പിച്ച് തോട്ടം മേഖല ഇന്ന് നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കി പ്രശ്നപരിഹാരത്തിനുവേണ്ടി മുൻകയ്യെടുക്കാൻ വ്യവസായ വകുപ്പ് സന്നദ്ധമാകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത്. പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള സംവിധാനമെന്ന നിലയിലാണ് ഗവൺമെന്റ് കൃഷ്ണൻനായർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

ഡയറക്ടറേറ്റ് രൂപീകരിച്ചത്. നിലവിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന പരിമിതികൂടി കണക്കിലെടുത്ത്, നിലവിലെ ജീവനക്കാരെ റീ-ഡിപ്ലോയ് ചെയ്താണ് പ്ലാന്റേഷൻ ഡയറക്ടേറ്റിന്റെ പ്രവർത്തനം ആരംഭിച്ചത്. പ്ലാന്റേഷൻ മേഖലയിലെ എല്ലാവരുമായി ചർച്ച ചെയ്യുന്നതിന് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ഞാനും തൊഴിൽ വകുപ്പുമന്ത്രിയുമായി ചേർന്ന് ചർച്ചകൾ നടത്തിയിരുന്നു. ലയങ്ങളുടെ പ്രശ്നത്തിൽ രണ്ട് സമീപനങ്ങളാണ് വന്നിട്ടുള്ളത്. ലേബർ കോഡ് അനുസരിച്ച് അത് തൊഴിൽ വകുപ്പാണ് കൈകാര്യം ചെയ്യേണ്ടത്. ലോണെടുത്തുകൊണ്ട് ബഡ്ജറ്റിൽ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് പലിശയായി നൽകുന്നതിനുള്ള സമീപനവും പ്ലാന്റേഴ്സിന്റെകൂടി പുന്തുണയോടെ ലയങ്ങൾ പുനരുദ്ധരിക്കാൻ കഴിയുമോയെന്നുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. അത് ലേബർ കോഡിൽ നിൽക്കുന്നെങ്കിലും ചർച്ച ചെയ്ത് നടപ്പിലാക്കാനുള്ള സംവിധാനമുണ്ടാക്കാം. പ്ലാന്റേഷൻ മേഖലയിൽ വലിയൊരു മാറ്റം കൊണ്ടുവരാനായി കൃഷി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തു. റബർ, കൊക്കൊ, ഏലം, തേയില, കശുമാവ് എന്നിവയാണ് പ്ലാന്റേഷനിൽ വരുന്നത്. മണ്ണിന്റെ ഘടന മാറ്റാതെതന്നെ പുതിയ പഴവർഗ്ഗങ്ങളായ

റമ്പൂട്ടാൻ, മാങ്കോസ്റ്റിൻ, കൃഷിവകുപ്പുമന്ത്രി എപ്പോഴും പറയാറുള്ള ചക്ക എന്നിവയടക്കം പ്ലാന്റേഷന്റെ ഭാഗമായി വരുന്നില്ല. ഇതൊക്കെ ദീർഘകാലം നിലനിൽക്കുന്നതാണ്. പഴവർഗ്ഗങ്ങളുടെ വിപണി സാധ്യത ലോക വ്യാപകമായിട്ടുണ്ട്. അക്കാര്യം ഞങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. പൊതുവെ അക്കാര്യത്തിൽ നയപരമായ തീരുമാനങ്ങൾ എടുക്കേണ്ടതായിട്ടുണ്ട്. പ്ലാന്റേഷനായി കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് കുറച്ചുകൂടി ലാഭകരമാക്കി മാറ്റാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്. പൊതുവെ ഈ രംഗത്ത് നല്ല മാറ്റമുണ്ടാക്കാനുള്ള ശ്രമങ്ങൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും സ്വന്തം കാലിൽ നിൽക്കുന്നതിനുംവേണ്ടി അതിനെ ശക്തിപ്പെടുത്തണമെന്നാണ് നമ്മുടെ പൊതുവായ ധാരണ. കെൽട്രോണിനെ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഞാൻ ഇന്നലെ ഒരു പ്രൊപ്പോസൽ പറഞ്ഞിരുന്നു. പക്ഷേ അത് വലിയ ബഹളമായി. പിന്നീട് അത് മാധ്യമങ്ങളുടെ മുമ്പിൽ ചർച്ചയായി. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെങ്കിൽ അവർക്ക് ഓർഡർ കൊടുത്ത് അവർതന്നെ

ചെയ്യണം. അതല്ലാതെ പൊതുമേഖലാ സ്ഥാപനത്തെ മറ്റൊരു ഏജൻസിക്ക് കൊടുത്ത് കിട്ടാനുള്ള സാധ്യതകൂടി ഇല്ലാതാക്കുന്നത് ശരിയാണോ? അസംബ്ലിംഗ് യൂണിറ്റായിട്ടല്ല, അതിന്റെ പ്രൊഡക്ഷൻ യൂണിറ്റായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് ആരായുമോയെന്നുള്ള ഉദ്ദേശത്തിൽ ഞാൻ ചോദിച്ചതാണ്. അങ്ങ് ചെറുതായി ലിസ്റ്റ് ഔട്ട് ചെയ്യാൻ ശ്രമിച്ചതിൽ എനിക്ക് ദുഃഖമുണ്ട്. പക്ഷേ ഈ സെൻസിനോട് യോജിക്കുന്നില്ലേ?

ശ്രീ. പി. രാജീവ്: സർ, യഥാർത്ഥത്തിൽ ഇതിനുള്ള മറുപടി ഞാൻ പറയേണ്ട ആവശ്യമില്ല. ഐ.എൻ.ടി.യു.സി.-യുടെ ദേശീയ സെക്രട്ടറിമാരിൽ ഒരാളും സംസ്ഥാന സെക്രട്ടറിയും ദീർഘകാലമായി കെൽട്രോണിലെ ജീവനക്കാരനും കെൽട്രോൺ സംഘടന നയിക്കുന്ന പരിണിതപ്രജ്ഞനായ ട്രേഡ് യൂണിയൻ നേതാവാണ് ശ്രീ. വി. ജെ. ജോസഫ്. അദ്ദേഹം അങ്ങേയ്ക്ക് ഒരു തുറന്ന കത്ത് എഴുതിയിട്ടുണ്ട്. ഞാൻ അത്രയൊന്നും പറയാനുദ്ദേശിക്കുന്നില്ല. അദ്ദേഹം ഇക്കാര്യങ്ങളെല്ലാം വ്യക്തമാക്കിയിട്ടുണ്ട്. കെൽട്രോൺ നമ്മുടെ നാടിന് അഭിമാനകരമായ സ്ഥാപനമാണ്. അങ്ങനെ പറയുന്നത് ഞങ്ങളുടെ മാത്രം ക്രെഡിറ്റല്ല. അത്

ഈ നാടിനാകെയുള്ള ക്രെഡിറ്റായി കാണേണ്ടതുണ്ട്. അതിന്റെ സംഭാവനകളും ഞങ്ങളുടേത് മാത്രമല്ല. സി. അച്യുതമേനോന്റെ കാലഘട്ടത്തിൽ ആരംഭിച്ചതാണ്, കെ.പി.പി. നമ്പ്യാരുടെ സംഭാവനകൾ, അതിന് ശേഷമുള്ള എത്രയോ ആളുകളുടെ സംഭാവനകളുടെ ഭാഗമായാണ് കെൽട്രോൺ എന്ന സ്ഥാപനം വന്നിട്ടുള്ളത്. ഇടക്കാലത്ത് കുറച്ച് പുറകോട്ട് പോയി. ഇപ്പോൾ നമ്മൾ വീണ്ടും തിരിച്ചെടുക്കാനാണ് പോകുന്നത്. പൊതുവായി കെൽട്രോണിനെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ അവർതന്നെയുണ്ടാക്കണം. i-phone-15 ഇറങ്ങിയ കാര്യം ബഹുമാന്യനായ ഷാഫി പറമ്പിൽ പറഞ്ഞു. അക്കാര്യം പത്രത്തിൽ വന്നിട്ടുണ്ട്. i-phone-ന്റെ സ്ക്രീൻ അവരാണോ നിർമ്മിക്കുന്നത്; സാംസംഗിന്റെ എല്ലാ കമ്പോണന്റും സാംസംഗ് തന്നെയാണ് നിർമ്മിക്കുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ വിറ്റഴിക്കുന്നത് Adidas-ന്റെ shoe ആണ്. അവർക്ക് സ്വന്തമായി ഒരു ശതമാനംപോലും ഉൽപാദനം നടത്തുന്ന കമ്പനിയില്ല. ലോകത്ത് പലയിടങ്ങളിലും നിർമ്മിക്കുന്നത് ലോക മാർക്കറ്റിംഗാണ്. Naomi Klein-ന്റെ മനോഹരമായ പുസ്തകമാണ് 'No Logo'. ഇതാണ് മാർക്കറ്റിംഗ്. ഇന്നത്തെ കാലഘട്ടത്തിൽ കെൽട്രോണിന്റെ മാനുഫാക്ച്ചറിംഗ് 20

ശതമാനമാണ്. അത് വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. ചന്ദ്രയാൻ, ആദിത്യ, എൻഫോഴ്സ്മെന്റ് സിസ്റ്റം, ഡൽഹിയിലെ സെക്യൂരിറ്റി സിസ്റ്റം എന്നിവയെല്ലാം സംഭാവന ചെയ്ത ഒന്നാണ് കെൽട്രോൺ. കെൽട്രോൺ Krasny എന്ന നേവിയിൽനിന്ന് വിരമിച്ച കമ്പനിയുമായി അടുത്ത കാലത്തുണ്ടാക്കിയ ജോയിന്റ് വെഞ്ച്വർ, ചെറിയ സംവിധാനത്തിലാണ് ഡിഫൻസിന്റെ ഏറ്റവും പ്രധാനപ്പെട്ട കരാറിന്റെ നാലിലൊന്നായി ഷോർട്ട് ലിസ്റ്റ് ചെയ്തിരിക്കുന്നത്. അദാനിക്കും അമ്പാനിക്കും ഒപ്പം കെൽട്രോണിന്റെ ചെറിയ സംരംഭംകൂടി ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ ഇരുകൂട്ടരും തല ഉയർത്തി ഞങ്ങളുടെ കെൽട്രോണാണെന്ന് അഭിമാനിക്കുകയാണ് വേണ്ടത്.

**ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം പുനരുപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം**

6 (*186) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഡാമുകളിൽനിന്നും ഉപയോഗിച്ചശേഷം പുറന്തള്ളുന്ന വെള്ളം പുനരുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ സ്വകാര്യ കമ്പനികൾക്ക് പങ്കാളിത്തം നൽകാൻ ആലോചനയുണ്ടോ;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും സ്വകാര്യ കമ്പനി താൽപര്യം അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ പദ്ധതികൾ വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ഉണ്ട്. വൈദ്യുതി ബോർഡിന്റെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ താഴെപ്പറയുന്ന പദ്ധതികളുടെ സാധ്യതാ പഠനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിയിട്ടുണ്ട്.

(എ) ഇടുക്കി പമ്പ്ഡ് സ്കീം (700 മെഗാവാട്ട്)

(ബി) പള്ളിവാസൽ പമ്പ്ഡ് സ്കീം (600 മെഗാവാട്ട്)

(സി) കക്കയം-പെരുവണ്ണാമൂഴി പമ്പ്ഡ് സ്കീം (900 മെഗാവാട്ട്)

(ഡി) ഇടമലയാർ പമ്പ്ഡ് സ്കീം (180 മെഗാവാട്ട്)

കൂടാതെ, പൊരിങ്ങൽക്കുത്ത് ജലവൈദ്യുത നിലയത്തിൽനിന്നും പുറന്തള്ളുന്ന വെള്ളം ഒരു സ്മോൾ ടർബൈൻ (36 കിലോ വാട്ട്) സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, 10 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ സാധ്യതാ പഠനം നടത്തേണ്ടതായുണ്ട്. ഡാമുകളിൽനിന്നുള്ള വെള്ളം ഉപയോഗിച്ച് വൈദ്യുതോൽപ്പാദനം നടത്തിയശേഷം പുറന്തള്ളുന്ന വെള്ളം ഉപയോഗപ്പെടുത്തി വീണ്ടും വൈദ്യുതോൽപ്പാദനം നടത്തുന്നതിനുള്ള അനുമതി എനർജി മാനേജ്മെന്റ് സെന്ററിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകിയിട്ടുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമാകുന്ന രീതിയിൽ ജലവൈദ്യുത പദ്ധതിയുടെ ടൈൽ റേസുകളിൽ ഹൈഡ്രോ കൈനറ്റിക്ക് സാങ്കേതികവിദ്യയുടെ സഹായത്തോടെ വൈദ്യുതി ഉല്പാദനം സാധ്യമാക്കുവാനായി ഇ.എം.സി. വഴി പൈലറ്റ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇല്ല. നിലവിൽ പൈലറ്റ് പദ്ധതികളിൽ സ്വകാര്യ കമ്പനികളുടെ പങ്കാളിത്തം ആലോചനയിലില്ല.

(ഡി) 14 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളിൽ നിന്നും ഉദ്ദേശം 6945 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഡാമുകളിൽനിന്ന് പുറന്തള്ളുന്ന വെള്ളം ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് സംബന്ധിച്ചാണ് ചോദിക്കാനുള്ളത്. മഴക്കാലത്ത് മഴത്തുള്ളികൾ കാണുമ്പോൾ നമുക്കെല്ലാവർക്കും വളരെയധികം സന്തോഷമുണ്ടാകാറുണ്ട്. മഴവെള്ളം നമുക്ക് ഒരിക്കലും ഉപയോഗിക്കാൻ കഴിയാതെ പാഴായി പോകുന്നതാണ് സങ്കടപ്പെടുത്തുന്ന മറ്റൊരു കാര്യം. നമ്മുടെ വീടുകളിൽ ജലസംഭരണി വയ്ക്കുന്നുണ്ട്. അങ്ങനെയുള്ള വെള്ളം വൈദ്യുതി ഉത്പാദിപ്പിക്കാനായി മാറ്റിയെടുക്കാനുള്ള സംവിധാനം നടപ്പിലാക്കാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഏറ്റവും സാധ്യതയുള്ള സ്ഥലം കേരളമാണ്. 3000 TMC വെള്ളം നമുക്കുണ്ട്. ഇറിഗേഷനും ഇലക്ട്രിസിറ്റിക്കുമായി 300 TMC മാത്രമാണ് വിൽക്കുന്നത്. ടെയിൽ എന്റ് വാട്ടർ അല്ലാതെ ലക്ഷ്മി ജലവൈദ്യുത പദ്ധതിപോലെ 200 മെഗാവാട്ടിന്റെ ധാരാളം പദ്ധതികളുണ്ട്. പക്ഷേ നമ്മളെല്ലാവരും പരിസ്ഥിതിയുടെ ചെറിയ തടസ്സങ്ങൾ പറഞ്ഞ് നിൽക്കുകയാണ്. ഇപ്പോൾ പമ്പ്ഡ് സ്റ്റോറേജിന്

ധാരാളം സാധ്യതയുണ്ട്. അത് നമുക്ക് പരമാവധി ഉപയോഗിച്ചാൽ നല്ല രീതിയിൽ സോളാർ വൈദ്യുതി ഉപയോഗിച്ച് ചുരുങ്ങിയ ചെലവിൽ 4 രൂപയ്ക്ക് പമ്പ്ഡ് സ്റ്റോറേജിൽ ഇലക്ട്രിസിറ്റി കൊടുക്കാൻ സാധിക്കും.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, പുതിയ സംവിധാനങ്ങളെ കുറിച്ചാണ് ഇപ്പോൾ ചിന്തിച്ചുകൊണ്ടിരിക്കുന്നത്. Piezo ഇലക്ട്രിസിറ്റിയെന്ന സംവിധാനമുണ്ട്. പ്രഷറിൽനിന്നും latent heat-ൽ നിന്നൊക്കെ വൈദ്യുതി ഉപയോഗിക്കുന്ന സംവിധാനമാണ്. അതിന്റെ പ്രധാനപ്പെട്ട ഘടകം മഴത്തുള്ളികളാണ്. Piezo ഇലക്ട്രിസിറ്റിയെന്നത് നമുക്ക് ചിന്തിച്ചുകൂടെ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അക്കാര്യം ആലോചിക്കാവുന്നതാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഡാമുകളിലെ വെള്ളവും എക്കൽ മണ്ണും വീണ്ടും നമുക്ക് പുനരുപയോഗിക്കാം. പ്രത്യേകിച്ച് ഡാമുകളും പുനരുപയോഗിക്കാം. എക്കൽ മണ്ണ് നീക്കം ചെയ്ത് കൂടുതൽ വെള്ളം ശേഖരിക്കാം. വയനാട് ജില്ലയിലെ ബാണാസുര സാഗർ ഡാമുകളടക്കം ധാരാളം ടൂറിസ്റ്റുകൾ വരാറുണ്ട്. ഡാമുകളെ ടൂറിസ്റ്റ് കേന്ദ്രമാക്കി പരിവർത്തിപ്പിക്കാൻ കഴിയുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഈ അസംബ്ലി സെഷൻ കഴിഞ്ഞാൽ വൈദ്യുതി ചാർജ്ജ് വീണ്ടും വർദ്ധിപ്പിക്കുമെന്ന ആശങ്ക ജനങ്ങൾക്കുണ്ട്. അങ്ങനെ ചാർജ്ജ് വർദ്ധിപ്പിക്കില്ലെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നത് റെഗുലേറ്ററി കമ്മീഷനാണ്. അവരുടെ നടപടിക്രമങ്ങൾ എങ്ങനെയാണ് വരുന്നതെന്ന് അറിയാൻ കഴിയില്ല. അത് അറിഞ്ഞാൽ മാത്രമെ പറയാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, പല രാജ്യങ്ങളും പാരമ്പര്യേതര മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി ഊർജ്ജ സംഭരണത്തിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വിശാലമായ സമുദ്ര നിരപ്പുള്ള കേരളത്തിൽ തിരമാലകളിൽനിന്ന് വൈദ്യുതി സംഭരിക്കാവുന്ന ‘ Barge-Mounded’ പദ്ധതികൾ ഉപയോഗപ്പെടുത്തി പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അക്കാര്യം ഇപ്പോൾ ആലോചനയിലില്ല. നെതർലാൻഡിൽനിന്ന് ഇതുസംബന്ധിച്ചുള്ള ചർച്ച വന്നിട്ടുണ്ട്. അതുസംബന്ധിച്ചുള്ള വിശദവിവരം ലഭിച്ചിട്ടില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)